നം.കെ.എസ്.എ-(എച്ച്.യു)ജി2-189 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്,
മെഡിക്കൽ കോളേജ് .പി.ഒ., 680 596
E-mail : healthuty.ksad@kerala.gov.in
ഫോൺ നം : 0487-2207698

തീയതി:04.08.2017

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ,
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടി റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസലറുടെ ഉത്തരവാദിത്തം ആണ്.2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം 23(xli) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം, വകുപ്പ് 68(7), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1))

രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥമാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്
ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ് ,ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ-(എച്ച്.യു)ജി2-189 /2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്,
മെഡിക്കൽ കോളേജ് .പി.ഒ., 680 596
ഇ.മെയിൽ:-healthuty.ksad@kerala.gov.in
തീയതി: 04.08.2017

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നു

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും :

ശ്രീമതി.പ്രമീള.കെ.എസ്., ജോയിന്റ് ഡയറക്ടർ	22.05.2017 മുതൽ 30.06.2017 വരെ

ഓഡിറ്റ് തിയതി : 22.05.2017 മുതൽ 30.06.2017 വരെ
ഓഡിറ്റ് നടത്തിയവരുടെ പേരുവിവരം :

1	ശ്രീ.വി.പി.ഷോബി, ഓഡിറ്റ് ഓഫീസർ	22.05.2017 മുതൽ 30.06.2017 വരെ
2	ശ്രീ.വി.എ.ഹാരിഷ് അസി.ഓഡിറ്റ് ഓഫീസർ	22.05.2017 മുതൽ 30.06.2017 വരെ
3	ശ്രീ.പ്രസാദ്.പി.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ	22.05.2017 മുതൽ 30.06.2017 വരെ
4	ശ്രീമതി.ശ്രീജ.കെ.ടി., ഓഡിറ്റർ	22.05.2017 മുതൽ 30.06.2017 വരെ

1. ആമുഖം.

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം, സിദ്ധ, യോഗ, പ്രകൃതിചികിത്സ, യുനാനി എന്നീ അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്, 2010', '22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽവന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ സർക്കാർ ഉത്തരവ്(അ)നം.125/2013/ആ.കു.ക്ഷേ.വ./തീയതി 04.04.2013 പ്രകാരം പ്രാബല്യത്തിലായി.സർവ്വകലാശാലയുടെ പ്രാദേശിക അധികാരികത കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 3(1)പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 ആയി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68(1)ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ഈ വകുപ്പിനെ (ഉത്തരവ് നമ്പർ 586/2011/ധനം തിയതി 03.12.2011) സർക്കാർ ചുമതലപ്പെടുത്തി.

2. ഓഡിറ്റിന്റെ വ്യാപ്തിയും പരിമിതികളും_

2015-16 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് ആകെ 13 ഓഡിറ്റ് റിക്വിസിഷനുകളും 18 ഓഡിറ്റ് എൻക്വയറികളും നൽകുകയുണ്ടായി. ഇതിൽ 13 ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്വിസിഷനിലൂടെ ആവശ്യപ്പെട്ട ഫയലുകളും രേഖകളും ഇനിയും ലഭ്യമാക്കാനുണ്ട്. ഓഡിറ്റിന് ഇതുവരെ ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചും ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

3. സർവ്വകലാശാലയുടെ ചുമതലകൾ

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

(i) വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്ന കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

(ii) വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക;

(iii) ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക തുടങ്ങി Xlii വരെയുള്ള ഉപവകുപ്പുകൾ (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം,2010 വകുപ്പ് 6 കാണുക.)

4. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ

(i) വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(ii) വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;

(iii) അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക;

(iii) ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക;

(iv) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക;

(iv) സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക;

(v) സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക;

(vi) സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക;

(vii) മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(viii) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക;

(ix) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക;

(x) വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസ ത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹി പ്പിക്കുക;

(xi) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടുത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക;

(xii) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതി യുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

5. സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ

(ii) സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2015-16 വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

അഫിലിയേറ്റഡ് സ്ഥാപനങ്ങൾ	**എണ്ണം**
മെഡിക്കൽ കോളേജുകൾ	30
ഡെന്റൽ കോളേജുകൾ	25
ആയുർവേദ കോളേജുകൾ	16
ഹോമിയോ കോളേജുകൾ	5
സിദ്ധ മെഡിക്കൽ കോളേജുകൾ	1
ഫാർമസി കോളേജുകൾ	36

നഴ്സിംഗ് കോളേജുകൾ	119
പാരാമെഡിക്കൽ കോളേജുകൾ	40
യുനാനി	1
ആകെ	**273**

6. സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾ

(കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാനിയമം വകുപ്പ് 19 കാണുക)

ക്രമ നം	അധികാര സ്ഥാനത്തിന്റെ പേര്	ആകെ അംഗങ്ങളുടെ എണ്ണം	ക്വാറം (കുറഞ്ഞത്)	ചേരേണ്ട വാർഷിക യോഗങ്ങളുടെ എണ്ണം	2015-16 വർഷം നടന്ന യോഗങ്ങളുടെ തീയ്യതി	പങ്കെടുത്ത അംഗങ്ങളുടെ എണ്ണം	കേ. ആ.ശാ. സ. നിയമം വകുപ്പ്
1	സെനറ്റ്	96	25 / ആകെ അംഗങ്ങളുടെ നാലിലൊന്ന്	2	2015-16 കാലയളവിൽ രൂപീകരിച്ചിട്ടില്ല	-	20
2	ഗവേണിംഗ് കൗൺസിൽ	17	9	4	27.4.2015 4.7.2015 25.7.2015 18.9.2015 21.12.2015 28.1.2016	10 10 10 15 11 9	22
3	അക്കാദമിക് കൗൺസിൽ	67	10 / ആകെ അംഗങ്ങളുടെ അഞ്ചിലൊന്ന്(സ്റ്റാറ്റ്യൂട്ട് പ്രകാരം ആകെ അംഗങ്ങളുടെ നാലിലൊന്ന്)	3	21.7.2015 15.12.2015 22.3.2016	52 46 57	24

4	പരീക്ഷാബോർഡ്	14	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	2(ഓരോ അക്കാ ഡമിക് ടേമിലും)	07.04.2015 30.07.2015 23.02.2016	14 13 14	26
5	പഠനബോർഡ്	11	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	1	17.06.2015 22.09.2015	7 4	28
6	ഫാക്കൽറ്റി	11	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	1(ഓരോ അക്കാദ മിക് വർഷ ത്തിലും)	03.02.2016	5	30
7	ഫിനാൻസ് കമ്മിറ്റി	7	4	4 (ഓരോ പാദവർ ഷത്തി ലും 1 തവണ)	27.04.2015 30.06.2015 14.09.2015 15.12.2015 25.01.2016	5 4 4 5 4	32
8	പ്ളാനിംഗ് കമ്മിറ്റി	15	ആകെ അംഗങ്ങളുടെ മൂന്നിലൊന്ന്	3	യോഗം ചേർന്നിട്ടില്ല	-	33
9	റിസർച്ച് കൗൺസിൽ	15	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമ ത്തിൽ പ്രത്യേക പരാമർ ശമില്ല	യോഗം ചേർന്നിട്ടില്ല	--	35

10	യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ	ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തി വി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമത്തിൽ പ്രത്യേക പരാമർശമില്ല	യോഗം ചേർന്നിട്ടില്ല	-	36
11	എത്തിക്സ് കമ്മിറ്റി	13 അംഗങ്ങളെ ഉൾപ്പെടുത്തി 17.03.2015 മുതൽ പുന:രൂപീകരിച്ചു	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമത്തിൽ പ്രത്യേക പരാമർശമില്ല	യോഗം ചേർന്നിട്ടില്ല	--	37
12	സ്റ്റുഡൻസ് കൗൺസിൽ	26	ആകെ അംഗങ്ങളുടെ നാലിലൊന്ന്	2	04.05.2015 27.01.2016	10 12	38

7. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർവ്വകലാശാലക്കു ലഭിച്ച തനതു വരുമാനത്തിന്റെയും മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച ഫണ്ടുകളുടെയും വരവ്, അക്കൗണ്ടുകളിൽ ഒടുക്കിയത്, പിൻവലിക്കൽ എന്നിവ പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, മറ്റ് ഏജൻസികൾ തുടങ്ങിയവയിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

8. ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥർ

വൈസ് ചാൻസലർ	ഡോ.എം.കെ.സി.നായർ	01.04.2015 മുതൽ 31.3.2016 വരെ
പ്രൊ.വൈസ് ചാൻസലർ	ഡോ. സി.രത്നാകരൻ	01.04.2015 മുതൽ 04.05.2015 വരെ
		05.05.2015 മുതൽ 07.05.2015 വരെ (ഒഴിവ്)
	ഡോ.എ.നളിനാക്ഷൻ	08.05.2015 മുതൽ 31.03.2016 വരെ
രജിസ്ട്രാർ	ഡോ.പി.കെ.സുധീർ (അധികച്ചുമതല)	01.04.2015 മുതൽ 19.05.2015 വരെ
	ഡോ.എ.നളിനാക്ഷൻ (അധികച്ചുമതല)	20.05.2015 മുതൽ 06.12.2015 വരെ
	ഡോ.എം.കെ.മംഗളം	07.12.2015 മുതൽ 31.03.2016 വരെ
കൺട്രോളർ ഓഫ് എക്സാമിനേഷൻ	ഡോ. പി.കെ.സുധീർ	01.04.2015 മുതൽ 31.03.2016 വരെ
ഫിനാൻസ് ഓഫീസർ	ഡോ. പി.കെ.സുധീർ (അധികച്ചുമതല)	01.04.2015 മുതൽ 12.04.2015 വരെ
	ശ്രീ.ഗ്ലോയി അഗസ്റ്റിൻ	13.04.2015 മുതൽ 31.03.2016 വരെ

9. റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിന് താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ട്.

ഭാഗം - 1 പൊതുഅവലോകനം
ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
ഭാഗം - 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം-1
പൊതു അവലോകനം

1.1 ബജറ്റ്

ബജറ്റ് തയ്യാറാക്കൽ, പാസ്സാക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

വകുപ്പ് 23(iv)	സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)
വകുപ്പ് 23(xix)	ഫൈനാൻസ് കമ്മിറ്റിയിൽ നിന്നും ലഭിച്ച പ്രകാരമുള്ള ബജറ്റ് എസ്റ്റിമേറ്റ് അതിന്റേതായ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)
വകുപ്പ് 32(2)(i)	സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക (ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ)
വകുപ്പ് 66(1)	അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിക്ക് മുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്.

2010 ലെ സർവ്വകലാശാല നിയമം,വകുപ്പ് 40(2)(xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ഈ വിഷയത്തിൽ നാളിതുവരെ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടില്ല.

സർവ്വകലാശാലയുടെ 2015-16 വർഷത്തേക്കുള്ള ബജറ്റ് 10.02.2015 ലെ 14-ാം മത് ഫിനാൻസ് കമ്മിറ്റിയും 11.02.2015, 13.02.2015 എന്നീ തീയതികളിലെ 23-ാം മത് ഗവേണിംഗ് കൗൺസിലും അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ സംഗ്രഹം താഴെച്ചേർക്കുന്നു.

ഇനം	**നോൺ പ്ലാൻ**	**പ്ലാൻ**
വരവ്	58,21,90,000	19,35,00,000
ചെലവ്	35,02,62,000	61,68,00,000

1.2 വാർഷിക കണക്കുകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ (ജൂലായ് 31 നകം) വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ 01.11.2016 നാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. വാർഷിക കണക്കുകൾ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1.3 സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ

2015-16 സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ഉത്തരവ് നമ്പറും തീയതിയും**	**ലഭിച്ച തുക**	**ഉദ്ദേശ്യം**	**തുക അക്കൗണ്ടിൽ വരവ് വെച്ച തീയതി**
1	സ.ഉ.(സാധാ.)നം.455/ 2016/ ആ.കു.ക്ഷേ.വ./ തീ.11.2.2016	50,00,000 (പ്ലാൻ)	ശമ്പളാവശ്യത്തിന്	18.03.2016
2	സ.ഉ.(സാധാ.)നം. 455/2016/ ആ.കു.ക്ഷേ.വ./ തീ.11.2.2016	50,00,000 (പ്ലാൻ)	ശമ്പളേതരാവശ്യത്തിന്	18.03.2016

1.4 നിർണ്ണയിച്ച എല്ലാ ഫീസുകളുടെയും ഡി.സി.ബി.പത്രികകളും പൊരുത്തപ്പെടുത്തൽ പത്രികകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

നിർണ്ണയിച്ചിട്ടുള്ള വിവിധ ഫീസിനങ്ങളുടെ ഡി.സി.ബി. പത്രികകൾ, പ്രത്യേക ഗ്രാന്റുകൾ ലഭിച്ചതിന്റെ വിവരങ്ങൾ, ഗ്രാന്റുകളുമായി ബന്ധപ്പെട്ട ചെലവുകളുടെ പത്രിക എന്നിവ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

1.5 കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ഓരോ ഫീസിനങ്ങളിലും വർഷാവസാനം ലഭിക്കുവാൻ ബാക്കിയുള്ള തുകകൾ സംബന്ധിച്ച വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശിക പിരിവ് ഇതിലൂടെ നിരീക്ഷിക്കേണ്ടതുമാണ്. സർവ്വകലാശാലയിൽ നാളിതുവരെ ഇത്തരമൊരു രജിസ്റ്റർ തയ്യാറാക്കിക്കാണുന്നില്ല. അതുകൊണ്ടുതന്നെ ഓരോ കോളേജിൽ നിന്നും ലഭിക്കാനുള്ള ഫീസിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച വിവരം എളുപ്പം ലഭിക്കാതെ വരികയും കുടിശിക ഈടാക്കുന്നതിൽ പിഴവ് സംഭവിക്കുകയും ചെയ്യുന്നു. ആയതിനാൽ കുടിശിക വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1.6 സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിൽ.

2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമത്തിലെ 5-ാം വകുപ്പിൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട് .

* 6(viii) വകുപ്പിൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ കോളേജുകൾ, സ്കൂളുകൾ, സെന്ററുകൾ, ആശുപത്രികൾ, ലബോറട്ടറികൾ, ഗ്രന്ഥശാലകൾ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ഭരണനിർവ്വഹണം നടത്തുകയും ചെയ്യുക എന്നത് സർവ്വകലാശാലയുടെ അധികാരങ്ങളിലും ചുമതലകളിലും പെടുന്ന വിഷയമാണ്.

* 6(xii) വകുപ്പ് പ്രകാരം റിസർച്ച് പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും മേൽപറയുന്ന അധികാര-ചുമതലകളിൽപ്പെടുന്നു.

* 25(x)വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടത് അക്കാഡമിക് കൗൺസിലാണ്.

* 23(vii)വകുപ്പ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ ശുപാർശകളിൽമേൽ മേൽപറയും പ്രകാരമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുക എന്നത് ഗവേണിംഗ് കൗൺസിലിന്റെ അധികാരമാണ്.

* 40(v) വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കേണ്ടതുണ്ട്.

സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കാനായി 4 സ്കൂളുകളും 8 സെന്ററുകളും സ്ഥാപിക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിൽ തിരുവനന്തപുരത്ത് സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിങ്ങ് സ്റ്റഡീസ് എന്ന സ്ഥാപനം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. തൃപ്പൂണിത്തുറയിൽ ആയുർവ്വേദ ഗവേഷണ സ്കൂളും കോഴിക്കോട് സ്കൂൾ ഓഫ് ഹെൽത്ത് സ്റ്റഡീസും തൃശ്ശൂർ സർവ്വകലാശാല ആസ്ഥാനത്ത് അക്കാദമിക്ക് സ്റ്റാഫ് കോളേജും നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലെ സർവ്വകലാശാല ആസ്ഥാന കെട്ടിടത്തിൽ 8 സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ ചെറിയ തോതിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. ജിവനക്കാരുടെ കുറവും സ്ഥലപരിമിതിയും സെന്ററുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നാണ് അറിയിച്ചത്.

2010 ൽ പ്രവർത്തനം ആരംഭിച്ച് 7 വർഷം ആയിട്ടും സ്ഥാപിത ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. സർവ്വകലാശാല നിയമനത്തിന് 40 (V) വകുപ്പു പ്രകാരം ഈ വിഷയത്തിൽ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല.

സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ജീവനക്കാരുടെ കുറവും സ്ഥലപരിമിതിയും പരിഹരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികാര സ്ഥാനങ്ങളുടെ നിയമപരമായ ചുമതലകൾ സമയോചിതമായി നിർവ്വഹിക്കേണ്ടതു തന്നെയാണ്.

1.7 ട്രീ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയ്ക്ക് സ്വന്തമായുള്ള ഭൂമിയുടെ വിവരം താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 6/15-16 തീയതി 15.06.2017 ന നൽകിയ മറുപടി)

1. അവാർഡ് നം. 1/2013 തീയതി 31/01/2013 - 0.0501 ഹെക്ടർ
2. അവാർഡ് നം.2/2013 തീയതി 31/01/2013 - 0.6566 ഹെക്ടർ
3. അഡ്വാൻസ് പൊസഷൻ - 0.7748 ഹെക്ടർ
   (അവാർഡ് പാസ്സാക്കിയിട്ടില്ല)
4. നെഗോസിയേഷൻ മുഖാന്തിരം വാങ്ങിയത് - 3.23 സെന്റ്
5. സ.ഉ.(എം.എസ്)നം.191/2010/ആർ.ഡി. തീയതി 27/5/2010 പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാംപസിൽ നിന്നും യൂണിവേഴ്സിറ്റിക്ക് കൈമാറിയത് - 63.60 ഏക്കർ
   (ഉടമസ്ഥാവകാശം- ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്)

മേൽപ്രകാരം ഭൂമിയിലുള്ള വൃക്ഷങ്ങളുടെ വിവരങ്ങൾ ശരിയായ രീതിയിൽ ട്രീ രജിസ്റ്ററിൽ ചേർത്ത് പരിപാലിച്ചു വരുന്നില്ലായെന്നു പരിശോധനയിൽ കണ്ടു. ഇപ്പോൾ സൂക്ഷിച്ചിട്ടുള്ള ട്രീ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ താഴെച്ചേർത്തിരിക്കുന്നത് പ്രകാരമാണ്.

ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാന കാമ്പസിൽ 30.03.2017 തീയതിയിലെ അവസ്ഥയിൽ ആകെ മരങ്ങളുടെ എണ്ണം

1. മാവ് - 66 എണ്ണം
2. ഞാവൽ- 245 എണ്ണം
3. തെങ്ങ്- 8 എണ്ണം

4. കശുമാവ്- 21 എണ്ണം

5. പുളി- 5 എണ്ണം

6. പ്ലാവ്- 2 എണ്ണം

7. ഈട്ടി- 8 എണ്ണം

8. അക്കേഷ്യ- 55 എണ്ണം

9. വട്ട- 103 എണ്ണം

10. ഉങ്ങ്- 4 എണ്ണം

11. പന- 5 എണ്ണം

12. പാല- 4 എണ്ണം

13. മട്ടി- 1 എണ്ണം

14. മുള്ളുവേങ്ങ- 2 എണ്ണം

ട്രീ രജിസ്റ്ററിൽ വിവിധയിനം വൃക്ഷങ്ങളുടെ ആകെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളതിനു പുറമെ വൃക്ഷങ്ങൾക്ക് പ്രത്യേകം പ്രത്യേകം നമ്പർ നൽകി ട്രീ രജിസ്റ്ററിൽ ചേർക്കേണ്ടതും ഫലവൃക്ഷങ്ങളുടെ സംഗതിയിൽ ഫലങ്ങൾ യഥാസമയം ലേലത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2.1 ഫീസ് നിർണ്ണയത്തിലെ അപാകത

U.O.No. 6296/AC.B/KUHS/2013 തീയതി 19.01.2015 പ്രകാരം 2015-16 വർഷത്തേയ്ക്ക് അഫിലിയേഷൻ സേവനങ്ങൾക്ക് ബാധകമായ ഫീസ് നിരക്കുകൾ നിർണ്ണയിച്ചിരുന്നു. റീഫണ്ടബിൾ ഡെപ്പോസിറ്റിനത്തിലുള്ള ഫീസ് പാരാമെഡിക്കൽ കോളേജുകളിൽ നിന്നും താഴെ പറയും പ്രകാരം ഈടാക്കാനാണ് നിശ്ചയിച്ചുകാണുന്നത്.

Refundable deposit for new college : 5,00,000/-

Refundable deposit for new course (UG &PG per course) : 3,00,000/-

Anjaneya College of Paramedical Sciences, Kozhikode (MR 040) എന്ന സ്ഥാപനത്തിൽ 2015-16-ൽ Bsc Optometry, BPT എന്നീ 2 കോഴ്സുകൾക്ക് പുതുതായി അഫിലിയേഷൻ നൽകിയിട്ടുണ്ട്. ഓരോ കോഴ്സിനും താൽക്കാലിക അഫിലിയേഷൻ ഫീസിനത്തിൽ 3,00,000/-രൂപ വീതം ഈടാക്കിയിട്ടുണ്ടെങ്കിലും റീഫണ്ടബിൾ ഡെപ്പോസിറ്റ് ഇനത്തിൽ ആകെ 5,00,000/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. രണ്ട് കോഴ്സുകൾക്കും കൂടി ആകെ 6,00,000/-രൂപ റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കാമായിരുന്ന സാഹചര്യമുണ്ടായിരിക്കെ 5,00,000/-രൂപ മാത്രം ഈടാക്കിയതിന് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (audit enq No.07/14-15 തീയതി 11.04.17). പുതിയ കോളേജായി പരിഗണിച്ചാണ് 5,00,000/-രൂപ മാത്രം ഈടാക്കിയതെന്നാണ് ഇതിനു ലഭ്യമാക്കിയ മറുപടി. ഒന്നിലധികം കോഴ്സുകളോടുകൂടി പുതിയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുമ്പോൾ ഇത്തരത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിലേക്ക് സർവ്വകലാശാല അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം-3

ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3.1 ശ്രീ ഗ്ലോയി അഗസ്റ്റിൻ, മുൻ ഫിനാൻസ് ഓഫീസറുടെ നിയമനം - അപാകതകൾ

ഫയൽ നം. 1731/2015/അഡ്മിൻ എ

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ ഫിനാൻസ് ഓഫീസർ തസ്തിക അനുവദിച്ചത് GO(MS) No.420/2009/H&FWD തിയതി 08.12.09 പ്രകാരമാണ്. അതേ ഉത്തരവിൽ തന്നെ തസ്തികയുടെ ശമ്പളനിരക്ക് 37400-67000 + 10000 Grade pay എന്ന് നിശ്ചയിക്കുകയും യോഗ്യതയും നിയമനരീതിയും സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കുന്ന പ്രകാരമായിരിക്കും എന്നും ഉത്തരവായിട്ടുണ്ട്.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 1-ലെ 48(2) വ്യവസ്ഥയനുസരിച്ച് താഴെ കൊടുത്തിട്ടുള്ള യോഗ്യതയില്ലാത്ത ഒരാളേയും സർവ്വകലാശാലയുടെ ഫിനാൻസ് ഓഫീസറായി നിയമിക്കാൻ പാടില്ലാത്തതാണ്.

i. ഒന്നാം ക്ലാസിലോ രണ്ടാം ക്ലാസിലോ ഉള്ള സർവ്വകലാശാലാ ബിരുദം.

ii. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സിലെ അസോസിയേറ്റ് അംഗം അല്ലെങ്കിൽ ഫെല്ലോ

iii. ഒരു സർവ്വകലാശാലയിലൊ, സ്വയംഭരണ സ്ഥാപനത്തിലൊ പൊതുമേഖലാ സ്ഥാപനത്തിലൊ സർക്കാരിലൊ ഫിനാൻസ്, അക്കൗണ്ട്സ് ഓഡിറ്റ് എന്നീ മേഖലകളിൽ ഉള്ള 10 വർഷത്തിൽ കുറയാത്ത പരിചയം.

അനുയോജ്യമായ ഉദ്യോഗസ്ഥനെ ഫൈനാൻസ് ഓഫീസറായി നേരിട്ട് നിയമിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മേൽപറഞ്ഞ യോഗ്യതയും അക്കൗണ്ട്സിലും സാമ്പത്തിക കാര്യങ്ങളിലും പരിചയവുമുള്ള ഒരു ഉദ്യോഗസ്ഥനെ കേരള സർക്കാരിൽ നിന്നൊ, കേന്ദ്രസർക്കാരിൽ നിന്നൊ ഡെപ്യൂട്ടേഷൻ മുഖേന നിയമിക്കുന്നതിന് സ്റ്റാറ്റ്യൂട്ടിലെ 1-ാം അദ്ധ്യായത്തിലെ 52-ാം വ്യവസ്ഥയിൽ അനുവദിക്കുന്നുണ്ട്.

എന്നാൽ മേൽ നിയമവ്യവസ്ഥകളെല്ലാം ഫിനാൻസ് ഓഫീസറായിരുന്ന ശ്രീ ഗ്ലോയി അഗസ്റ്റിന്റെ നിയമനത്തിൽ സർവ്വകലാശാല ലംഘിച്ചതായി ഫയൽ നം. 1731/2015/അഡ്മിൻ എ പരിശോധിച്ചതിൽ നിന്നും കാണുന്നു.

1. സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറായിരുന്ന ശ്രീ. ജി.ഗോപകുമാറിന്റെ ഡെപ്യൂട്ടേഷൻ കാലാവധി 28.02.2015 ന് അവസാനിക്കുന്ന സാഹചര്യത്തിലാണ് 01.03.2015 മുതൽ താഴെപറയുന്ന യോഗ്യതകളുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഒരു വർഷത്തേക്ക് വിട്ടുനൽകണമെന്ന് സർവ്വകലാശാല രജിസ്ട്രാറിന്റെ 07.01.2015 ലെ 113/Admn/FO/KUHS/2015 നം. കത്ത് പ്രകാരം കംപ്ട്രോളർ & ഓഡിറ്റർ ജനറലിനോട് ആവശ്യപ്പെട്ടത് .

യോഗ്യത- കോമേഴ്സ്/ബിസിനസ് അഡ്മിനിസ്ട്രേഷൻ/മാനേജ്മെന്റ് ഇവയിലൊന്നിൽ 60% മാർക്കോടുകൂടിയ ബിരുദാനന്തരബിരുദം

പരിചയം- i) ഓഡിറ്റ് ഓഫീസർ/ സീനിയർ ഓഡിറ്റർ (കമ്മേഴ്സ്യൽ) തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത പരിചയം

ii) വിദ്യാഭ്യാസസ്ഥാപനങ്ങൾ/സർവ്വകലാശാല എന്നിവയിലെ ഫിനാൻസ്, അക്കൗണ്ട്സ്, ടാക്സ്, പൊതുമരാമത്ത് പ്രവൃത്തികൾ എന്നിവയിലെ പരിചയം.

വയസ്സ്- 01.01.15-ൽ 55 വയസ്സിനു താഴെ

ശമ്പള നിരക്ക് - 37400-67000 + 10000 (Gr.Pay)

സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറെ തിരഞ്ഞെടുക്കുന്നതിന് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ തന്നെ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ, അത്തരം വ്യവസ്ഥകളെയാകെത്തന്നെ അവഗണിച്ചുകൊണ്ട് ഫിനാൻസ് ഓഫീസർ നിയമനത്തിൽ സർവ്വകലാശാല എടുത്ത തീരുമാനങ്ങൾ ഒരിക്കലും അംഗീകരിക്കാവുന്നതല്ല. 2009-ൽ ആരംഭിച്ച സർവ്വകലാശാല 5 വർഷങ്ങൾക്കുശേഷവും സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കുന്നതുപോലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് ശ്രമിച്ചില്ല. ഫിനാൻസ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള സ്ഥിരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടും ആരേയും ലഭിക്കാത്ത സാഹചര്യത്തിൽ മാത്രമാണ് ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കുന്നത്. കൂടാതെ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതക്കുപകരം ഒരു പ്രത്യേക വ്യക്തിക്ക് സഹായകമാവുന്ന തരത്തിൽ യോഗ്യതകളിൽ ആവശ്യമായ മാറ്റം വരുത്തിയാണ്

മേൽ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചത്. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികക്ക്, ഉത്തരവിൽ പറയുന്ന യോഗ്യതകളിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാലക്ക് അധികാരം നൽകുന്ന നിയമവ്യവസ്ഥകളൊന്നുംതന്നെ നിലവിലില്ല എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നുണ്ട്. യോഗ്യതകളിൽ ഇളവു വരുത്തിയെങ്കിലും സർക്കാർ ഉത്തരവിലെ അതേ ശമ്പളനിരക്കുതന്നെയാണ് ഫിനാൻസ് ഓഫീസറെ നിയമിച്ചപ്പോൾ അനുവദിച്ചുകാണുന്നത്.

2. സർവ്വകലാശാലാ രജിസ്ട്രാറിന്റെ 07.01.15-ലെ കത്തിന്റെ അടിസ്ഥാനത്തിൽ സീനിയർ ഓഡിറ്റ് ഓഫീസർ (കമ്മേഴ്സ്യൽ) ശ്രീ ഗ്ലോയി അഗസ്റ്റിൻ 13.04.15-ന് സർവ്വകലാശാലയിൽ ഫിനാൻസ് ഓഫീസറായി ചാർജ്ജെടുത്തു. ഡെപ്യൂട്ടേഷൻ സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും കേന്ദ്ര സർക്കാർ പേഴ്സണൽ & ട്രെയിനിംഗ് വകുപ്പിന്റെ OM No. 6/8/2009.Estt(pay II) തിയതി 17.06.10, OM No. AB.14017/30/2006 തിയതി 29.11.2006 എന്നിവ അനുസരിച്ചായിരിക്കുമെന്ന് 10.04.15-ലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ Au/Admn./E&RSA/ Deputation/15-16/D.8. നം. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് ഡെപ്യൂട്ടേഷനിൽ വരുന്ന ഒരു ഉദ്യോഗസ്ഥന് അദ്ദേഹം സ്വന്തം വകുപ്പിൽ വാങ്ങിയിരുന്ന ശമ്പളമൊ ഡെപ്യൂട്ടേഷൻ തസ്തികയുടെ ശമ്പളമൊ തെരഞ്ഞെടുക്കാവുന്നതാണ്.

22.4.15-ലെ OE(Bills)/ERSA/LPC/II/9 പ്രകാരം അയച്ചുതന്ന LPC പ്രകാരം ശ്രീ.ഗ്ലോയി അഗസ്റ്റിന്റെ ശമ്പളനിരക്ക് താഴെപറയും പ്രകാരമാണ്.

ശമ്പളസ്കെയിൽ	15600-39100 + 5400 Gr.pay
ബാന്റ് പേ	29810
ഗ്രേഡ് പേ	5400

ശ്രീ ഗ്ലോയി അഗസ്റ്റിൻ മേൽ നിർദ്ദേശമനുസരിച്ച് 24.04.15 ന് ആരോഗ്യശാസ്ത്ര സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറുടെ ശമ്പളസ്കെയിലായ 37400-67000 + Gr. Pay 10000 ഓപ്റ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് 05.05.15-ലെ 188/2/2015/Admn&Gen/KUHS സർവ്വകലാശാലാ ഉത്തരവ് പ്രകാരം ശ്രീ.ഗ്ലോയി അഗസ്റ്റിന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലുള്ള ശമ്പളവും മറ്റ് അലവൻസുകളും താഴെ പറയുന്ന രീതിയിൽ നിർണ്ണയിച്ച് ഉത്തരവായി.

അടിസ്ഥാന ശമ്പളം	37400
ഗ്രേഡ് പേ	10000
വീട്ടുവാടക ബത്ത	250

പിന്നീട് 16.07.2015 ലെ Accountant General ന്റെ (Economic and Revenue sector Audit) OE (Bills)/ERSA/Increment/II/49 നം. കത്ത് പ്രകാരം ശ്രീ ഗ്ലോയി അഗസ്റ്റിന്റെ വാർഷിക ഇൻക്രിമെന്റ് 01.07.15 മുതൽ വർദ്ധനവ് നൽകിയതിനെതുടർന്ന് 30780+5400(GP) ആയി ശമ്പളനിരക്ക് ഉയർന്നതായി അറിയിക്കുകയും സർവ്വകലാശാലയുടെ 19.09.15-ലെ 408/2015/Admn&Gen./ KUHS ഉത്തരവ് പ്രകാരം 01.07.15 മുതൽ ഫിനാൻസ് ഓഫീസർ തസ്തികയിലെ ആദ്യ ഇൻക്രിമെന്റ് ശ്രീ ഗ്ലോയി അഗസ്റ്റിന് അനുവദിക്കുകയും, താഴെ പറയുന്ന രീതിയിൽ ശമ്പളം നിർണ്ണയിക്കുകയും ചെയ്തു.

37400+1430+10000 Gr.Pay

കേന്ദ്ര ധനമന്ത്രായലത്തിന്റെ 13.09.08-ലെ ഓഫീസ് മെമ്മോറാണ്ടം നം.F.No.1/1/2008/-IC പ്രകാരം കേന്ദ്രസർക്കാർ ജീവനക്കാരുടെ 2008-ലെ ശമ്പള പരിഷ്കരണഉത്തരവിലെ അടുത്ത ഇൻക്രിമെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട വിശദീകരണം നൽകിയതിൽ പുതിയ ശമ്പളനിരക്കിൽ ഏകീകൃത ഇൻക്രിമെന്റ് തിയതിയായ ജ്യൂലൈ 1-ന് മുമ്പ് 6 മാസം പൂർത്തിയായവർക്ക് മാത്രമേ ഇൻക്രിമെന്റിന് അർഹതയുള്ളൂവെന്നും അല്ലാത്തപക്ഷം ഇൻക്രിമെന്റ് അടുത്ത വർഷം ജ്യൂലൈ 1-ന് മാത്രമേ നൽകാൻ സാധിക്കൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 24.04.15-ൽ സർവ്വകലാശാലാ ഫിനാൻസ് ഓഫീസറുടെ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ശ്രീ ഗ്ലോയി അഗസ്റ്റിന് 2015 ജ്യൂലൈ 1-ന് 6 മാസം പൂർത്തീകരിക്കാതെ ഇൻക്രിമെന്റ് അനുവദിച്ചത് കേന്ദ്ര ധനമന്ത്രാലയത്തിന്റെ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കാണാം.

മുകളിൽ കൊടുത്ത വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് സർവ്വകലാശാലാ രജിസ്ട്രാർക്ക് കെ.എസ്.എ-എച്ച്.എ.യു (ജി.1)156/2016 തിയതി: 17.09.2016 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നു. തുടർന്ന് ഇക്കാര്യത്തിലുള്ള നിജസ്ഥിതി അറിയിക്കുവാൻ 05.06.2017 കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ വ്യക്തമായ വിശദീകരണം സർവ്വകലാശാല ലഭ്യമാക്കിയിട്ടില്ല.

3.2 മെഡിക്കൽ എക്സിബിഷൻ-MEDEX 2015- നടത്തിപ്പിലെ അപാകതകൾ

File No.10110/Dean SA/KUHS/2015

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ 09/09/2015 മുതൽ 27/09/2015 വരെ കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് ഒരു മെഡിക്കൽ എക്സിബിഷൻ -MEDEX 2015- സംഘടിപ്പിച്ചിരുന്നു. ഇതിലേക്കായി താഴെ പറയും പ്രകാരം 5,00,000/-രൂപ ഡീൻ സ്റ്റുഡന്റ് അഫയേഴ്സ് ഡോ. കെ.ബി.സുധികുമാർ മുഖേന സർവ്വകലാശാല ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നം. 1398/26.9.2015-	3,75,000/-	(Cheque No.183457/26.9.15)
വൗച്ചർ നം. 2061/05.12.2015-	1,20,000/-	(Cheque No.184070/05.12.15)
വൗച്ചർ നം. 2062/05.12.2015-	5,000/-	(e.payment- income tax)
	5,00,000	
	========	

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ (ഫയൽ നം 10110/Dean SA/KUHS/2015) ഈ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉള്ളതായി കണ്ടു.

1) മുഴുവൻ തുകയും show rider entertainment തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിരിക്കുന്നത് ക്വട്ടേഷൻ വഴിയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

2) ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളത് യൂണിയൻ ജനറൽ സെക്രട്ടറിയ്ക്കാണ്. ക്വട്ടേഷനുകളുടെ താരതമ്യം നടത്തിയിട്ടുള്ളതും വർക്ക് ഓർഡർ നൽകിയിട്ടുള്ളതും സ്റ്റുഡൻസ് യൂണിയൻ വഴിയാണ്. വർക്ക് ഓർഡർ നൽകാൻ സ്റ്റുഡൻസ് യൂണിയനെ അധികാരപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. സർവ്വകലാശാലയിൽ നിന്ന് പണം ചെലവഴിച്ച് നടത്തിയ ഈ പരിപാടി സർവ്വകലാശാല യൂണിയൻ നേരിട്ട് നിർവ്വഹണം നടത്തിയതായി കാണുന്നു.

3) സ്ഥാപനവുമായി സർവ്വകലാശാല കരാറിലേർപ്പെട്ടിട്ടില്ല. സ്ഥാപനത്തിന് നൽകിയ തുകക്കുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

4) 09/09/2015 മുതൽ തുടങ്ങുന്ന എക്സിബിഷന് 07/09/2015 ൽ മാത്രമാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. 15000 ചതുരശ്ര അടി പന്തലൊരുക്കി (Invoice പ്രകാരം) എക്സിബിഷന് സജ്ജമാക്കാൻ 2 ദിവസം കൊണ്ട് കഴിഞ്ഞു എന്നത് വിശ്വസനീയമല്ല.

5) 09/09/2015 മുതൽ 27/09/2015 വരെയാണ് പരിപാടി എങ്കിലും 19/09/2015 ലെ SR0023/15 നമ്പർ ഇൻവോയ്സ് പ്രകാരം 5,00,000/-രൂപ സ്ഥാപനം ആവശ്യപ്പെടുകയുണ്ടായി. ഇന്റേണൽ ഓഡിറ്റിൽ തടസ്സവാദം ഉന്നയിച്ചപ്പോൾ അതേ ഇൻവോയ്സ് നമ്പറിൽ 27/09/2015 തീയ്യതിയിലുള്ള ഒരു ഇൻവോയ്സ് സ്ഥാപനം ലഭ്യമാക്കുകയും അതനുസരിച്ച് തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. സർവ്വീസ് ടാക്സ് / സെയിൽ ടാക്സ് രജിസ്ട്രേഷൻ നമ്പറൊന്നും രേഖപ്പെടുത്താതെ യാതൊരുവിധ ആധികാരികതയുമില്ലാത്ത ഇൻവോയ്സ് ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. Invoice എന്നുമാത്രം എഴുതിയിട്ടുള്ള സാഹചര്യത്തിൽ cash invoice ആണോ credit invoice ആണോ അതുമല്ലെങ്കിൽ proforma invoice ആണോയെന്ന് വ്യക്തമല്ല.

6) നോട്ട് ഫയൽ ഖണ്ഡിക 23-ൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

" The expenditure beyond Rs.5 lakh was met from sponsorship fee and entrance fee collected and the details would be provided, if required" ഈ പരിപാടിയുമായി ബന്ധപ്പെട്ട് ലഭിച്ച എൻട്രൻസ് ഫീ, സ്പോൺസർഷിപ്പ് ഫീ തുടങ്ങിയവയിലൂടെ ലഭിച്ച വരവിന്റെ വിശദാംശങ്ങളും മുഴുവൻ വരവ് ചെലവ് കണക്കുകളും ഹാജരാക്കേണ്ടതാണ്.

7) പരിപാടിയുമായി ബന്ധപ്പെട്ട നോട്ടീസിന്റെയോ, പോസ്റ്ററുകളുടെയോ പകർപ്പുകൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ്എൻക്വയറി നൽകിയിരുന്നു (നം 11/15-16 തീയതി 20.06.2017). ഇതിനു ലഭ്യമാക്കിയ മറുപടി പരിഗണിച്ച് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുന്നു.

1. സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ വിദ്യാർത്ഥികൾക്കിടയിൽ കലയും കായികവിനോദങ്ങളും പ്രോൽസാഹിപ്പിക്കുന്നതും, യുവജനോൽസവവും മൽസര ഇനങ്ങളും നടത്തുന്നതും, നിർണ്ണയിക്കപ്പെടാവുന്ന മറ്റ് കർത്തവ്യങ്ങൾ നിറവേറ്റുന്നതുമായും ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണെന്ന് സർവ്വകലാശാല നിയമം അദ്ധ്യായം 6, ഖണ്ഡിക 48(5) ൽ വിവക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും പണമിടപാടുകൾ സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീനിന്റെ ഉത്തരവാദിത്തത്തിലാവണം നടത്തേണ്ടതാണ്.

2. സ്റ്റോർ പർച്ചേസ് മാന്വലിലെ (GO(P) No 3/2013/SPD dated 21.06.2013) ഖണ്ഡിക 7.7 പ്രകാരം 1,00,000/- രൂപയോ അധിലധികമോ ഉള്ള എസ്റ്റിമേറ്റ് തുക വരുന്ന വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കണം. കൂടാതെ സർവ്വകലാശാല ഫണ്ടിൽ നിന്നും 5,00,000/-രൂപ ചെലവഴിച്ച ഈ പ്രവൃത്തിക്ക് സ്റ്റോർ പർച്ചേസ് മാന്വലിലെ മറ്റ് നിബന്ധനകളും പാലിച്ചതായി കാണുന്നില്ല. ടെണ്ടറുകളുടെ/ക്വട്ടേഷനുകളുടെ താരതമ്യം നടത്തേണ്ടതും വർക്ക് ഓർഡർ നൽകേണ്ടതും സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീനിന്റെ മേൽനോട്ടത്തിലാവേണ്ടതാണ്. എന്നാൽ ഡോ.കെ.ബി.സുധികുമാർ,ഡീൻ സ്റ്റുഡന്റ്സ് അഫയേഴ്സ്, കൈപ്പറ്റിയ അഡ്വാൻസ് തുക സ്റ്റുഡന്റ്സ് യൂണിയന് നൽകിയതല്ലാതെ മറ്റു ചുമതലകളൊന്നും നിർവ്വഹിച്ചതായി കാണുന്നില്ല.

3. മേൽ സൂചിപ്പിച്ച പരിപാടിക്ക് ചെലവഴിച്ച 5,00,000/- രൂപയും സർവ്വകലാശാലയിൽ നിന്നുമാണ് മുടക്കിയിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് സർവ്വകലാശാല യൂണിയൻ നടത്തിയ ഈ പരിപാടിയോടനുബന്ധിച്ച് എൻട്രൻസ് ഫീ, സ്പോൺസർഷിപ്പ് ഫീ എന്നീ ഇനങ്ങളിൽ വന്ന വരവ് സർവ്വകലാശാല ഫണ്ടിന്റെ ഭാഗമാക്കണോയെന്നും പരിശോധിക്കണം. സർവ്വകലാശാലയുടെ പേരിൽ നടത്തിയ പരിപാടിയായതിനാൽ അതിൽ നിന്നും ലഭിക്കുന്ന വരുമാനവും സർവ്വകലാശാലക്ക് അർഹതപ്പെട്ടതാണ്.

4. പരിപാടിയുടെ നിർവഹണ ഏജൻസിയായ ,ഷോറൈഡർ എന്ന സ്ഥാപനം ലഭ്യമാക്കിയ 5,00,000/- രൂപയുടെ ഇൻവോയ്സിൽ സർവീസ് ടാക്സ് വിഹിതം ഉൾപ്പെടുത്തിക്കാണുന്നില്ല. ഇൻവോയ്സിൽ സർവീസ് ടാക്സ് രജിസ്ട്രേഷൻ നമ്പറും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം സർവീസ് ടാക്സ് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5. പ്രോഗ്രാം നോട്ടീസിന്റേയും പോസ്റ്ററിന്റേയും അസൽ ലഭ്യമാക്കേണ്ടതാണ്. സ്പോൺസർഷിപ്പ് വരുമാനം, പ്രവേശന ഫീസ് വഴിയുള്ള വരുമാനം എന്നിവകൂടി കണക്കിലെടുത്താവണം ഇത്തരം പരിപാടിക്ക് സർവ്വകലാശാലയിൽ നിന്നും തുക അനുവദിക്കേണ്ടത്.

3.3 സ്റ്റുഡന്റ്സ് യൂണിയൻ വഴി നടപ്പിലാക്കിയ വിവിധ പരിപാടികളിലെ അപാകതകൾ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്പോർട്സ് / ആർട്സ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും സ്റ്റുഡന്റ്സ് യൂണിയൻ വഴിയുള്ള മറ്റ് പ്രത്യേക പരിപാടികൾക്കുമായി 2015-16 വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

Details of expenditure incurred for University Union through Dean (student Affairs) in 2015-16

Sl No	Purpose	Advance sanctioned	Cheque No & date	Budgeted amount	Expenditure incurred	Total amount passed	Date of settlement of advance
1	Zonal cultural fest	10,00,000	182285/ 27.05.15 182341/ 10.06.15	10,50,000	12,05,231	10,50,000	21.10.15
2	Medical exhibition- MEDEX 20125	3,75,000	183457/ 26.09.15	5,00,000	5,00,000	5,00,000	05.12.15
3	Inter uty chess tournament	55,000	183554/ 05.10.15	70,750	56855	56855	16.11.2015
4	Athletic meet	3,00,000	183555/ 07.10.15	3,00,000	4,07,434	3,58,534	19.01.2016
5	Inter Zone cultural fest	3,60,000	183586/ 13.10.15	4,50,000	4,91,232	4,50,000	02.12.2015
6	Zonal sports tournament	4,80,000	183587/ 13.10.15	10,26,000	11,43,254	10,26,000	06.05.2016
7	Nursing camp	Advance not sanctioned		1,00,000	1,01,641	1,00,000	21.10.2015
8	Film festival	1,00,000	183651/ 21.10.15	1,00,000	1,00,000	1,00,000	26.02.2016

9	Ayurveda medical camp	1,00,000	183650/ 21.10.15	1,00,000	1,00,000	1,00,000	09.03.2016
10	Inter Uty football tournament	1,68,000	184069/ 05.12.15	2,13,600	1,87,417	1,87,417	09.02.2016
11	Uty. Union closing ceremony	2,50,000	183873/ 18.11.15	2,50,000	2,50,000	2,50,000	12.03.2016
12	Uty. Union Inaguration	1,50,000	184495/ 02.02.16	2,25,000	2,25,000	2,25,000	26.04.2016
	Total			43,85,350	47,68,064	44,03,806	

പരിപാടികളുടെ നടത്തിപ്പിനായുള്ള അഡ്വാൻസ് തുക സ്റ്റുഡന്റ് അഫയേഴ്സ് ഡീനിനാണ് നൽകുന്നതെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നതും തുക ചെലവഴിക്കുന്നതും സ്റ്റുഡന്റ്സ് യൂണിയനാണെന്ന് കാണുന്നു. സ്പോർട്സ് / ആർട്സ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല താഴെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

General Instructions for the conduct of sports/arts fest (Taken from the University Website.)

1.Budget of a zonal fest and university fest must be submitted well in advance and shall get the approval of the committee.

2. Financial Expenditure shall be according to the Kerala Govt financial code.

3. Alotted amount for the zonal and university fest shall be deposited in a nearby bank as joint account in the name of convenor and principal of the college where the programme is organising for the zonal fest and for university fest . The account shall be in the name of union chairman/secretary and general convenor. The account along with pass book shall be submitted for verification.

4. Programme committee chairman shall countersign all the bills and vouchers of expenditure.

5.10% difference can be accepted from the budget. If this is more or less approval of higher authority is a must.

6. Donations and sponsorship can be accepted with approval of higher authority.

7. Audit of the programme conducted by the university union shall be done with in a period of one month. Only then advance can be drawn for another programme.

8. The calendar of programmes for one year shall be approved by a committee of Vice chancellor, Pro Vicechancellor,Registrar, Controller of examinations, student dean, research dean,administrative officer,and financial officer.

9.The special programme organising by the union shall be unique and shall be related with health.

ഫിലിം ഫെസ്റ്റിവൽ, ആയുർവേദ മെഡിക്കൽ ക്യാമ്പ്, സോൺ/ ഇന്റർസോൺ സ്പോർട്സ്/ ആർട്സ് ഫെസ്റ്റ്, അന്തർ സർവ്വകലാശാല ചെസ്, ഫുട്ബോൾ ടൂർണ്ണമെന്റുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഇവയുടെ നടത്തിപ്പിൽ മേൽ നിർദ്ദേശങ്ങളിൽ മിക്കവയും പാലിച്ചിട്ടില്ലാത്തതായി കണ്ടു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും മറുപടി (നം 15/15-16,16/15-16,17/15-16 തീയതി 29.06.17, 18/15-16 തീയതി 30.06.17) ലഭ്യമാക്കിയില്ല. ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1.യൂണിവേഴ്സിറ്റി ഫെസ്റ്റിനായി അനുവദിക്കുന്ന തുക പരിപാടി നടക്കുന്ന കോളേജ് പ്രിൻസിപ്പലിന്റേയും ജനറൽ കൺവീനറുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ചെലവുപത്രികയോടൊപ്പം ബാങ്ക് പാസ് ബുക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ആയത് ലഭ്യമാക്കിയിട്ടില്ല.

2.വിവിധ മൽസരങ്ങളുടെ വിധികർത്താക്കൾക്കുള്ള ഹോണറേറിയം, ടീം സെലക്ടർമാർക്കുള്ള ഹോണറേറിയം, ഒഫീഷ്യേറ്റിംഗ് ചാർജ്ജസ് തുടങ്ങിയ ഇനങ്ങളിൽ തുക നൽകിയിട്ടുള്ളത് ചെക്ക് വഴിയോ അക്കൗണ്ട് ട്രാൻസ്ഫർ വഴിയോ അല്ല. ലഭ്യമാക്കിയ കൈപ്പറ്റുരസീതിന് യാതൊരുവിധ ആധികാരികതയുമില്ല. മിക്കവാറും എല്ലാ രസീതുകളും ഒരേ കൈയ്യക്ഷരത്തിൽ എഴുതിയിരിക്കുന്നതാണ്. ആയതിനാൽ യഥാർത്ഥത്തിൽ കൊടുത്ത തുക തന്നെയാണോ രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പിക്കാനാവുന്നില്ല.

3. സർവ്വകലാശാല ഉന്നതാധികാരികളുടെ അനുവാദത്തോടെ സംഭാവനയോ സ്പോൺർഷിപ്പോ വാങ്ങാമെന്ന് നിർദ്ദേശങ്ങളിലുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള സ്പോൺസർഷിപ്പ് മേൽ പരിപാടികൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4. ഫിലിം ഫെസ്റ്റിവൽ, ആയുർവേദ മെഡിക്കൽ ക്യാമ്പ് തുടങ്ങിയ പരിപാടികളിൽ ആരൊക്കെ പങ്കെടുത്തെന്നോ ആർക്കൊക്കെ പ്രയോജനപ്പെട്ടെന്നോ ഉള്ള വിവരങ്ങളില്ല.

5. ഒരു പരിപാടിയുമായി ബന്ധപ്പെട്ട് കൈപ്പറ്റിയ അഡ്വാൻസ് ക്രമീകരിച്ചതിനുശേഷമേ മറ്റൊരു പരിപാടിക്ക് അഡ്വാൻസ് നൽകാവൂ എന്ന നിബന്ധന (സർവ്വകലാശാല നിർദ്ദേശങ്ങളിലെ ക്രമ നം 7) പാലിച്ചതായി കാണുന്നില്ല. ഫിലിം ഫെസ്റ്റിവൽ, ആയുർവേദ മെഡിക്കൽ ക്യാമ്പ് എന്നീ പരിപാടികൾക്ക് ഒരേ തീയതിയിലാണ് (21/10/2015) 1,00,000/-രൂപ വീതം അഡ്വാൻസ് നൽകിയിട്ടുള്ളത്.

6. ആകെ ചെലവഴിച്ച തുകയിൽ 3,64,258/- രൂപയുടെ ചെലവ് (47,68,064-44,03,806 = 3,64,258) വിവിധകാരണങ്ങളാൽ ഫിനാൻസ് ഇന്റേണൽ ഓഡിറ്റിൽ അംഗീകരിക്കാതിരിക്കുകയും ഇത്രയും രൂപ കുറവുചെയ്തുമാണ് ചെലവുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ചെലവുരേഖകളിൽ കൃത്രിമം കാട്ടി ചെലവ് പെരുപ്പിച്ചുകാട്ടിയതാണെന്ന് അനുമാനിക്കാവുന്നതാണ്. ബജറ്റിൽ വകയിരുത്തിയ തുകക്കനുസരിച്ചുള്ള ചെലവുരേഖകൾ ഹാജരാക്കുന്ന പ്രവണതയാണ് കാണുന്നത്. ക്വട്ടേഷനുകൾ മിക്കവയും കൃത്രിമമായി തയ്യാറാക്കിയതാണെന്നും കാണാവുന്നതാണ്.

<u>ഓഡിറ്റ് ശുപാർശകൾ</u>

1."സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ വിദ്യാർത്ഥികൾക്കിടയിൽ കലയും കായികവിനോദങ്ങളും പ്രോൽസാഹിപ്പിക്കുന്നതും, യുവജനോൽസവവും മൽസര ഇനങ്ങളും നടത്തുന്നതും, നിർണ്ണയിക്കപ്പെടാവുന്ന മറ്റ് കർത്തവ്യങ്ങൾ നിറവേറ്റുന്നതുമായും ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണെന്ന്" സർവ്വകലാശാല നിയമം അദ്ധ്യായം 6, ഖണ്ഡിക 48(5) ൽ വിവക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും പണമിടപാടുകൾ അഡ്വാൻസ് തുക കൈപ്പറ്റുന്ന സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീനിന്റെ ഉത്തരവാദിത്തത്തിൽ നടത്തേണ്ടതാണ്.

2. വിധികർത്താക്കൾക്കുള്ള ഹോണറേറിയം, ടീം സെലക്ടർമാർക്കുള്ള ഹോണറേറിയം, ഒഫീഷ്യേറ്റിംഗ് ചാർജ്ജസ് തുടങ്ങിയവയ്ക്ക് ഏകീകൃത നിരക്ക് പ്രഖ്യാപിക്കുക. തുക നൽകുന്നത് ചെക്ക് വഴിയോ അക്കൗണ്ട് ട്രാൻസ്ഫർ വഴിയോ മാത്രമാക്കുക.

3.കലോൽസവ/ സ്പോർട്സ് നടത്തിപ്പിനുള്ള മാന്വൽ തയ്യാറാക്കുക.

4.കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം അഡ്വാൻസ് അനുവദിക്കുകയും ചെലവുകൾ നടത്തുകയും ചെയ്യുക.

5. എല്ലാ വാങ്ങലുകൾക്കും സേവനങ്ങൾക്കും ഉള്ള ചെലവുകൾക്ക് ടാക്സ് ഇൻവോയ്സ് ഹാജരാക്കണമെന്നത് നിർബന്ധമാക്കുക.

3.4 റോഡ്സ് ഡ്രെയിനേജ് കൾവർട്ട് എന്നിവയുടെ നിർമ്മാണം- ബന്ധപ്പെട്ട ഫയലുകൾ, അളവുപുസ്തകങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ₹14,67,38,148/-ചെലവ് ചെയ്തത് തടസ്സപ്പെട്ടുത്തുന്നു

വൗ.നം. 1648 തീയതി 31.10.2015 ₹2,60,77,838

അക്രഡിറ്റഡ് ഏജൻസിയായ M/S.FIT ആലുവ എന്ന സ്ഥാപനത്തിന് 3139/2012 IDP Works Roads (7th & ഫൈനൽ)/KUHS തീയ്യതി 30.10.2015 അനുസരിച്ച് മേൽപ്രകാരം പ്രവൃത്തിയ്ക്കുവേണ്ടി ₹14,67,38,148/- ചെലവ് ചെയ്തതിന് അംഗീകാരം നൽകുകയുണ്ടായി.

ഓഡിറ്റ് റിക്വിസിഷൻ 13/15-16 തീയ്യതി 23.06.2017 ഓഡിറ്റ് റിക്വിസിഷൻ 7/15-16 തീയ്യതി 5.6.2017 എന്നിവ പ്രകാരം മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ അളവുപുസ്തകങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിരുന്നു. ക്രൈം നം.VC 09/15 TSR എന്ന വിജിലൻസു കേസുമായി ബന്ധപ്പെട്ട് റോഡ്സ്/ഡ്രെയിനേജ് പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും വിജിലൻസ് & ആന്റി കറപ്ഷൻ തൃശ്ശൂർ യൂണിറ്റിലേക്ക് സമർപ്പിച്ചിരിക്കുകയാണെന്ന് 03.07.2017 ലെ 4682/എ 4 ഓഡിറ്റ് ഫിൻ 2017 കേ.ആ.സ. പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകുകയുണ്ടായി.

ചെലവുമായി ബന്ധപ്പെട്ട ഫയലുകളും അളവുപുസ്തകങ്ങളും പരിശോധനയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ ₹14,67,38,148/-ചെലവ് ചെയ്തത് തടസ്സത്തിൽ വെയ്ക്കുന്നു.

3.5 സംഭരണം നടക്കാതെ മഴവെള്ള സംഭരണി

ഫയൽ നം. 7481/2013 ID Works

ഭരണാനുമതി	കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാരുടെ 7481/13 IDP Works Dated 28.11.2013- ₹62,48,800
സാങ്കേതികാനുമതി	

കരാർ നം. ഇല്ല, തീയ്യതി: 10.04.2013

കരാറുകാരൻ : M/S.HLL Life Care Ltd

അടങ്കൽ തുക ₹ 62,47,999/-

ആകെ ചെലവ് ചെയ്ത തുക : ₹1,24,37,587

വർക്ക് ഓർഡർ നം. 7481/2013 ID Works dt.28.11.2013

അളവുപുസ്തകം നം.CMB1(MB15/14-15) CMB2(MB37/14-15)
(Level Book 1,Level Book 2)

വൗ.നം. B 1015/15-16 ₹ 3407919/- തീയ്യതി 04.08.2015

ഓഡിറ്റ് എൻക്വയറി നം.1/15-16 Dt.29.5.2017

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലം ജല ലഭ്യത കുറഞ്ഞതായതിനാൽ ഇക്കാര്യത്തിൽ ഒരു പഠനം നടത്തുന്നതിന് CWRDM, കോഴിക്കോട് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. രണ്ട് സംഭരണികൾ നിർമിക്കുന്നതിന് CWRDM ശുപാർശ നൽകിയിരുന്നുവെങ്കിലും 65x65x4.5m അളവിൽ ഒരു മഴക്കുഴി മാത്രമാണ് പണി തീർത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. CWRDM ശുപാർശ പ്രകാരം മഴവെള്ള സംഭരണിയുടെ അടിത്തട്ടിൽ 10 cm കനത്തിൽ RCC ചെയ്ത് അതിനു മുകളിൽ HDPE Lining നൽകേണ്ടതുണ്ടായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. മഴവെള്ളം ഭൂമിയിലേക്ക് ഇറങ്ങുന്നതിനുള്ള ഒരു വലിയ മഴക്കുഴിയുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നിരിക്കുന്നത്. CWRDM നിർദ്ദേശപ്രകാരം RCC ചെയ്തതിനുശേഷം HDPE lining വിരിക്കാത്തതിനാൽ മഴവെള്ള സംഭരണം നടക്കുന്നില്ല. ഈ സാഹചര്യത്തിൽ ₹1,24,37,587/- ചെലവു ചെയ്തത് വ്യഥാവിലായി.

ഇക്കാര്യത്തിലുള്ള നിജസ്ഥിതി ഓഡിറ്റ് എൻക്വയറിപ്രകാരം ആരായുകയുണ്ടായി. ഭൂഗർഭ ജലവിതാനം ഉയർത്തുക, മഴവെള്ളം സംഭരിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് CWRDM ന്റെ ഉപദേശം അനുസരിച്ച് കുളം കുഴിച്ച് മൂന്നോ നാലോ വർഷം മഴവെള്ളം ഭൂമിയിൽ ഇറങ്ങുന്നതിന് അനുവദിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തിയതിനുശേഷം RCC HDPE lining നൽകി മഴവെള്ള സംഭരണിയാക്കാവുന്നതാണ് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകുകയുണ്ടായത്. സർവ്വകലാശാല വളപ്പിലെ ജലവിതാനം ഉയർത്തുന്നതിന് അനേകം മഴക്കുഴികൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കാമെന്നിരിക്കെ മഴവെള്ളം ഭൂമിയിൽ ഇറങ്ങുവാൻ മാത്രം വൻതുക ചെലവഴിച്ച് ഒരു വലിയ മഴക്കുഴി നിർമ്മാണം വേണ്ടിയിരുന്നില്ല. CWRDM നു തുക നൽകിയതുമായി ബന്ധപ്പെട്ട ഫയൽ നം. 3481/2011 Works KUHS പരിശോധിച്ചപ്പോൾ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരുന്നതു പോലെ മഴവെള്ളത്തിന്റെ സംഭരണം നാലുവർഷത്തിനുശേഷം തുടങ്ങിയാൽ മതിയെന്ന ശുപാർശ കാണുവാൻ സാധിച്ചില്ല. ഉത്തമ ജലമാനേജ്മെന്റ് ആഗ്രഹിക്കുന്ന ഒരു സ്ഥാപനത്തിന് മഴവെള്ള സംഭരണി ഉണ്ടെങ്കിൽ കൂടി മഴക്കുഴികൾ അനുപേക്ഷണീയമാണെന്നതാണ് യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ എങ്ങനെയും തുക ചെലവഴിക്കുന്നതിനുള്ള ഒരു ശ്രമമായി മാത്രമേ മേൽപ്രകാരം നിർമാണ പ്രവൃത്തിയെ വിലയിരുത്താനാകൂ.

2. മഴവെള്ള സംഭരണി നിർമാണം M/S.HLL Life Care Ltd. എന്ന സ്ഥാപനത്തിന് ടെണ്ടർ കൂടാതെയാണ് ഏൽപ്പിച്ചു നൽകിയിട്ടുള്ളത്. R.W.H. Pond നു വേണ്ടി ₹51,29,748/-ചെലവു വരുന്ന എസ്റ്റിമേറ്റ് 10.11.2012 ന് പ്രൊജക്റ്റ് ഡയറക്ടർ DSR rate പ്രകാരം തയ്യാറാക്കുകയും മത്സരാധിഷ്ഠിത അടിസ്ഥാനത്തിലുള്ള ടെണ്ടർ നടത്തി പണി പൂർത്തിയാക്കുന്നതിന് ശുപാർശ നൽകുകയുമുണ്ടായി. എന്നാൽ ഇതു കണക്കിലെടുക്കാതെ 01.12.2012 ലെ ഗവേണിംഗ് കൗൺസിൽ അജണ്ട 10.25 പ്രകാരം പ്രവൃത്തിയ്ക്കുവേണ്ടി M/S HLL Life Care Ltd നെ "Nominate" ചെയ്യുവാനിടയായതായി കാണുന്നു .കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം Governing Council ആണ് പരമാധികാരിയെന്നും Governing Council ന് ഇപ്രകാരം പ്രവൃത്തി ഏൽപ്പിക്കുന്നതിന് അധികാരമുണ്ടെന്നുമാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത് .

കേരള നിയമസഭ പാസ്സാക്കിയ KUHS 2010 നിയമം നൽകുന്ന അധികാരം മാത്രമാണ് Governing Council ന് ലഭ്യമായിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിക്കൊണ്ടുള്ള തീരുമാനം മാത്രമാണ് Governing Council ന് എടുക്കാവുന്നത്. നിലവിലുള്ള നിയമങ്ങളെയും ചട്ടങ്ങളെയും അതിലംഘിക്കാനുള്ള അധികാരം Governing Council ന് ഇല്ല.

3. ജി.ഒ.(പി.)408/2007/ഫിൻ തീയതി 7.9.2007 ഖണ്ഡിക IV അനുസരിച്ച് വിവിധ പൊതുമരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനത്തിലാണ് തയ്യാറാക്കേണ്ടത്. കേരള പൊതുമരാമത്തു വകുപ്പിൽ സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR നടപ്പിലാക്കുന്നത് 01.10.2013 മുതൽ സ.ഉ.(പി.)36/2013/PWD Dated 17.4.13 പ്രകാരമാണ്. എന്നാൽ മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സെൻട്രൽ പബ്ളിക് വർക്സ് ഡാറ്റ, DSR എന്നിവയുടെ അടിസ്ഥാനത്തിലാണ്. കേരള പബ്ലിക് വർക്സ് മാന്വൽ ഖണ്ഡിക 1701, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ ജി.ഒ.(പി.)408/2007/ഫിൻ.തീയതി 7.9.2007 ഖണ്ഡിക IV എന്നിവ പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് ഉപയോഗിക്കുന്ന ഷെഡ്യൂൾഡ് ഓഫ് റേറ്റ്സ് വിവിധ പൊതുമരാമത്തു പ്രവർത്തികൾക്ക് ഉപയോഗിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. ജി.ഒ.(പി.)339/15/ഫിൻ തീയ്യതി 7.8.15 പ്രകാരം മാത്രമാണ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR കൂടി ആവശ്യമെങ്കിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവർത്തിക്കാമെന്ന് നിർദ്ദേശമുണ്ടായിട്ടുള്ളത്.

സർക്കാർ അനുമതി ഉണ്ടാകുന്നതിനു മുമ്പ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിക്കാനിടവന്നത് ക്രമപ്രകാരമുള്ള നടപടിയല്ല.

4. അർഹമായ ഡാറ്റ/നിരക്ക് പ്രകാരമാണ് പ്രവർത്തിയ്ക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും ആയതിന്റെ സാങ്കേതികക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതുമാണ് സാങ്കേതികാനുമതി. G.O.(P)408/2007 തീയ്യതി 7.9.2007 ഖണ്ഡിക VII പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയാണ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകേണ്ടത്. മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി യാതൊരു സാങ്കേതികജ്ഞാനവുമില്ലാത്ത കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ 7481/13 IDP WORKS KUHS തീയതി 28.11.13 പ്രകാരം സാങ്കേതികാനുമതി നൽകിയത് ശരിയല്ല.

5. സ്ഥലപരിശോധന നടത്തി ഒരു പ്രവൃത്തിക്കുവേണ്ട എല്ലാ ഇനങ്ങളും ഡിറ്റെയിൽഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഡ്മിനിസ്ട്രേറ്റിവ് കെട്ടിടത്തിന്റെ നിർമാണം 6.2.2012 ൽ ആരംഭിയ്ക്കുകയുണ്ടായി. ഇതിന്റെ പൈലിങ് വർക്കിന്റെ സമയത്ത് തന്നെ ആകെ 63 ഏക്കർ മാത്രമുള്ളതും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് സ്വന്തമായതുമായ ഭൂമിയിൽ ലാറ്ററേറ്റിന്റെ ആധിക്യം മനസ്സിലാകുന്നതാണ്. RWH Pond ന്റെയും അഡ്മിനിസ്ട്രേറ്റിവ് കെട്ടിടത്തിന്റെയും കരാറുകാരൻ HLL Life Care Ltd. തന്നെയായിരുന്നിട്ടും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ്, ആവശ്യത്തിലേറെ സമയം ലഭ്യമായിരുന്നിട്ടും (01.12.2012 ൽ പ്രവൃത്തി HLL നെ ഏൽപ്പിക്കുന്നതിനു ഗവേണിംഗ് കൗൺസിൽ തീരുമാനമെടുത്ത് 10.4.2013 ന് കരാറിലേർപ്പെടുകയുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിച്ചത് 28.11.2013 നു മാത്രമാണ്. കൂടാതെ പ്രവൃത്തി ഏൽപ്പിച്ചു നൽകിയത് 28.11.2013 ലാണെങ്കിലും ലെവൽ ബുക്ക് 1 പ്രകാരം 10.4.2013, 11.9.2013 എന്നീ ദിവസങ്ങളിൽ ഇനിഷ്യൽ ലെവൽസ് എടുത്തിട്ടുള്ളതും പരിശോധനയിൽ കണ്ടു). സബ്സോയിൽ ടെസ്റ്റ് നടത്തി മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതലുള്ള laterite excavation ഇനം പ്രവൃത്തിയുടെ അളവ് ഏറെക്കുറെ കൃത്യമായി വിലയിരുത്തി യാഥാർത്ഥ്യത്തിനു യോജിച്ച വിധത്തിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാമായിരുന്നു. Laterite excavation ഇനം പ്രവൃത്തിയുടെ അളവ് ഒഴിവാക്കി മുഴുവനും സാധാരണ മണ്ണിന്റെ കുഴിച്ചെടുക്കൽ എന്ന് കണക്കാക്കി ₹62,47,999/- എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തിയ്ക്കുവേണ്ടി എസ്റ്റിമേറ്റ് തുകയുടെ ഇരട്ടി ₹1,24,37,587/-ചെലവഴിയ്ക്കുകയുമുണ്ടായി.പ്രവൃത്തിയുടെ ബിൽ ഓഫ് ക്വാണ്ടിറ്റീസ് (BOQ) ഇനം 1(ബി) പ്രകാരം Excavation of ordinary rock എന്ന ഇനത്തിന്റെ അളവു നൽകാതെ റേറ്റ് മാത്രം നൽകുന്നതിനാണ് ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്നത്. Excavation in all kinds of soil 3448.62 m3 (ഇനം.1.1) Excavation of ordinary rock 12916.48 (ഇനം.1.2) എന്നിങ്ങനെയാണ് യഥാർത്ഥത്തിൽ പ്രവൃത്തി നടത്തിയത്. എന്നാൽ എസ്റ്റിമേറ്റിൽ ഇനം 1.1 excavation in all kinds of soil 15800 m3 എന്നു മാത്രമാണ് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നത്. അതായത് യഥാർത്ഥത്തിൽ ചെയ്തു തീർത്ത പ്രവൃത്തിയുടെ വെറും 21% മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള 1.1 ഇനം പ്രവൃത്തി ചെയ്തിട്ടുള്ളത്.

01.12.2012 ന് പ്രവൃത്തി ഏൽപ്പിച്ച് തീരുമാനമായ സാഹചര്യത്തിൽ ആവശ്യത്തിലേറെ സമയം ലഭിച്ചിട്ടും സ്ഥലപരിശോധന നടത്തി സബ്സോയിൽ ടെസ്റ്റ് ഉൾപ്പെടെ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വീഴ്ച വന്നത് ശരിയല്ല. G.O.(P)408/2007 തീയതി. 7.9.2007 ഖണ്ഡിക VII പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയായ M/S HLL Life Care Ltd. ആണ് സാങ്കേതികാനുമതി നൽകേണ്ടിയിരുന്നത് എന്നത് ഇക്കാര്യത്തിലുള്ള ഗൗരവം വർദ്ധിപ്പിക്കുന്നു.

6. 18.11.2013 മുതൽ 30.6.2014 വരെയുള്ള കാലയളവിലാണ് മേൽപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ലെവൽബുക്ക്/അളവുപുസ്തകങ്ങൾ എന്നിവയിൽ 4 ദിവസങ്ങളിലെ പ്രവൃത്തി മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. മേലളവെടുത്ത തീയ്യതികൾ രേഖപ്പെടുത്തിയിട്ടുമില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ലെവൽ ബുക്ക്-1

തീയ്യതി	പേജ് നമ്പർ
10.04.2013	1 മുതൽ 6 ഉൾപ്പെടെ
11.09.2013	7 മുതൽ 11 ഉൾപ്പെടെ

മേലളവെടുത്ത തീയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല.

ലെവൽ ബുക്ക്-2

വിവിധയിനം പ്രവൃത്തികളുടെ അളവെടുത്ത/ മേലളവെടുത്ത തീയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല.

അളവുപുസ്തകം 15/14-15

വിവിധ പ്രവൃത്തികളുടെ അളവെടുത്ത/മേലളവെടുത്ത തീയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല.

അളവുപുസ്തകം 37/14-15

തീയ്യതി	പേജ് നമ്പർ
15.5.14	22
30.5.14	23 മുതൽ 29 ഉൾപ്പെടെയുള്ള പേജുകൾ

പോസ്റ്റുകൾ, സ്റ്റട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിനു കുഴിയെടുത്തതും ഫെൻസിംഗ് നടത്തിയതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട തീയ്യതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റിനം പ്രവൃത്തികൾ ഏതേതു തീയതികളിൽ അളവെടുത്തു/മേലളവെടുത്തുവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തത് വിശദീകരിക്കേണ്ടതാണ്.

7. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം ബന്ധപ്പെട്ട അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇനം 1 പ്രകാരം 3448.62 ഘ.മീ., (Excavation in all kinds of soil) ഇനം 2 പ്രകാരം 12916.48 (Excavation of ordinary rock) യഥാക്രമം കുഴിച്ചെടുത്ത മണ്ണ്, ലാറ്ററൈറ്റ് എന്നിവ നഷ്ടപ്പെട്ടിട്ടുള്ളതായി വിലയിരുത്തുന്നു. ആയതിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ് .

കേരള പബ്ലിക് വർക്സ് മാനുവൽ ഖണ്ഡിക 2213 പ്രകാരം 1000 ഘ.മീ.ലധികം എർത്ത് എക്സ്കവേഷൻ പ്രവൃത്തിയുണ്ടെങ്കിൽ CTE യ്ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ പ്രവൃത്തി നിർവ്വഹിക്കാനാകൂ. മേൽക്കാര്യത്തിൽ 16365.1 ഘ.മീ. എർത്ത് എക്സ്കവേഷൻ ഉണ്ടായിട്ടും CTE യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

8. പ്രവൃത്തിയിനങ്ങളിലെ വ്യതിയാനങ്ങൾ

എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള ചെലവുതുകയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ചെയ്യാവൂ. മേൽപ്രകാരം പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ HLL-10 KUHS/26/13-14 Dt.18.1.14 പ്രകാരം സമർപ്പിച്ച വേളയിൽ മാത്രമാണ് 'ഡിവിയേഷൻ' കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 7481/2013 IDP WORKS KUHS Dt.20.1.2014 പ്രകാരം HLL Life Care Ltd.ന്റെ ശ്രദ്ധയിൽപ്പെടുത്തിയതെന്ന് പരിശോധനയിൽ കണ്ടു. എന്നാൽ നിർമ്മാണത്തിന് തടസ്സം ഉണ്ടാകാതിരിക്കാൻ വേണ്ട വ്യതിയാനങ്ങൾക്ക് വാക്കാൽ അനുമതി നൽകിയിരുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായത്. വാക്കാൽ അനുമതി നൽകിയിരുന്നുവെങ്കിൽ പിന്നെ വ്യതിയാനങ്ങൾ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയെ അറിയിച്ചിരുന്നില്ലായെന്ന് രേഖാമൂലം HLL നെ അറിയിയ്ക്കുവാനിടയായത് വിശദീകരിക്കേണ്ടതുണ്ട്.

28.11.2013 ന് ആരംഭിച്ച പ്രവൃത്തി 30.6.2014 ന് പൂർത്തിയാക്കിയെന്ന് രേഖയുണ്ട്. ആദ്യത്തെയും അവസാനത്തെയും ഡീവിയേഷൻസ് HLL നൽകിയതിന്റെയും KUHS അംഗീകരിച്ചതിന്റെയും വിശദവിവരം താഴെ ചേർക്കുന്നു.

(1) ആദ്യത്തെ ഡീവിയേഷൻ എസ്റ്റിമേറ്റ് HLL Life Care Ltd. നൽകിയതിന്റെ വിവരം- HLL IDD KUHS 312/2014 തീ.26.6.14

(2) ആദ്യത്തെ ഡീവിയേഷൻ KUHS അംഗീകരിച്ചത് KUHS ഉത്തരവ് (വർക്ക് ഓർഡർ) 7481/2013/IDP WORKS KUHS തീയതി 4.9.14

(3) ഫൈനൽ ഡീവിയേഷൻ സ്റ്റേറ്റ്മെന്റ് HLL Life Care നൽകിയത് 7481/2013IDP WORKS KUHS തീയതി 8.10.15

(4) ഫൈനൽ ഡീവിയേഷൻ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ചത് - KUHS ഉത്തരവ് 7481/2013 IDP Works KUHS തീ.8.10.2015.

KPWD മാനവൽ ഖണ്ഡിക 1601.1.5, 1601.1.6 എന്നിവ പ്രകാരം പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രവൃത്തി പൂർത്തീകരണത്തിന് മുമ്പ് വ്യതിയാനങ്ങൾ അംഗീകരിച്ച് സപ്ലിമെന്ററി/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

9. 10.4.2013 ന കരാറിലേർപ്പെട്ട് 28.11.2013 മുതൽ 30.06.2014 വരെയുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചതായാണ് രേഖകൾ. എന്നാൽ 9.1.14 മുതൽ 30.6.14 വരെയും 18.3.15 മുതൽ 30.6.15 വരെയും മാത്രമാണ് ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കിയിട്ടുള്ളത്. 28.11.2013 മുതൽ 8.1.2014 വരെയും 1.7.14 മുതൽ 17.3.15 വരെയും HLL Life Care Ltd ബാങ്ക് ഗ്യാരണ്ടി ഇല്ലാതെയാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

10. 28.11.2013 ന് ആരംഭിച്ച പ്രവൃത്തി 30.06.2014 ന് പൂർത്തിയാക്കിയെന്നാണ് അളവുപുസ്തകമുൾപ്പെടെയുള്ള രേഖകളിലുള്ളത്. 30.6.2014 ന് പൂർത്തിയാക്കിയ പ്രവൃത്തിക്കുവേണ്ടി 20.10.2015 ന് കരാറിലേർപ്പെട്ടതിന്റെ സാംഗത്യം, ആയതുകൊണ്ടുള്ള പ്രയോജനം എന്നിവ വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പ്രവൃത്തിയിനങ്ങളിലെ വ്യതിയാനങ്ങൾക്കുള്ള അനുബന്ധ കരാറിലാണ് ഏർപ്പെട്ടതെന്ന മറുപടിയാണ് ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകിയത്. KPWD മാനവൽ ഖണ്ഡിക 1601.5, 1601.1.6 എന്നിവ പ്രകാരം പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രവൃത്തി പൂർത്തീകരണത്തിന് മുമ്പ് വ്യതിയാനങ്ങൾ ഉൾപ്പെടെ അംഗീകരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇതിനോടനുബന്ധമായി സ്വാഭാവികമായും സപ്ലിമെന്ററി കരാറിലേർപ്പെടേണ്ടതുമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ 30.06.2014 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് സംശയിക്കേണ്ട സാഹചര്യമുണ്ട്.

11. ജി.ഒ.(പി.)408/2007/ഫിൻ തീയതി 7.9.2007 **ഖണ്ഡിക VI പ്രകാരം** എസ്റ്റിമേറ്റ് തുക അല്ലെങ്കിൽ പൊതുമരാമത്ത് പ്രവൃത്തിയ്ക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവു ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്കിലുള്ള കൺസൽട്ടൻസി ചാർജ്ജ്/സെന്റേജ് ചാർജ്ജ് കണക്കാക്കേണ്ടതുണ്ട്. കരാറുകാരന് അനുകൂലമായി പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച തുകയിൻമേൽ കൺസൾട്ടൻസി ചാർജ്ജ് നൽകി അധിക തുക ചെലവഴിക്കാനിടയായതിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം	കൺസൽട്ടൻസി ചാർജ്ജിനത്തിൽ നൽകിയ തുക	കൺസൽട്ടൻസി ചാർജിനത്തിൽ നൽകേണ്ട തുക	കൺസൽട്ടൻസി ചാർജ്ജിനത്തിൽ അധികം നൽകിയത്
മഴവെള്ള സംഭരണി (R.W.H.Pond) എസ്റ്റിമേറ്റ് തുക - 59,50,475 പ്രവൃത്തിക്കുവേണ്ടി ചെലവായ തുക- 1,18,45,321	5,92,266 (11845321x5%)	4,16,533 (59,50,475x7%)	1,75,733

വ്യതിയാനങ്ങൾ അംഗീകരിച്ച് Governing Council ന്റെ അംഗീകാരം ലഭിച്ചതിനു ശേഷമാണ് കൺസൽട്ടൻസി ചാർജ്ജ് നൽകിയിട്ടുള്ളതെന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ലഭ്യമാക്കിയിട്ടുള്ളത്. 30.06.2014 ന് പൂർത്തിയായ പ്രവൃത്തിക്കുവേണ്ടി ഒരു വർഷത്തിനുശേഷം 7481/13/KUHS IDP Works തീയ്യതി 20.10.2015 പ്രകാരമുള്ള ഉത്തരവനുസരിച്ചാണ് വ്യതിയാനങ്ങൾ അംഗീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണത്തിനു ചെലവായ ആകെ തുകയാണ് ഈ ഉത്തരവിൽ സ്വാഭാവികമായും പരാമർശിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണത്തിന് ചെലവായ തുകയിൻമേലാണ് കൺസൽട്ടൻസി ചാർജ്ജ് കണക്കാക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്ന് സുവ്യക്തമാണ്. എസ്റ്റിമേറ്റ് തുക/ പ്രവൃത്തിക്കുവേണ്ടി ചെലവ് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് അതിൻമേൽ കൺസൽട്ടൻസി ചാർജ്ജ് ഈടാക്കണം എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് വർത്തിച്ചിട്ടുള്ളത്. കേരള നിയമസഭ പാസ്സാക്കിയ KUHS നിയമം 2010 പ്രകാരം നൽകിയ അധികാരമാണ് ഗവേണിങ് കൗൺസിലിനുള്ളത്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മേൽപ്രകാരം ഖണ്ഡികയിൽ പരാമർശിച്ച സർക്കാർ ഉത്തരവ് G.O.(P)408/2007/ഫിൻ തീയതി 07.09.2007 നു വിരുദ്ധമായി തീരുമാനമെടുക്കുവാൻ ഗവേണിങ് കൗൺസിലിനധികാരമില്ല.

കൺസൽട്ടൻസി ചാർജ്ജിനത്തിൽ ₹1,75,733/- (5,92,266- 2,97,523) അധികമായി നൽകിയത് M/S.HLL Life Care Ltd.ൽ നിന്ന് ഈടാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ ഒരു വർഷത്തെ ജല ഉപഭോഗം, ഭാവിയിൽ ജല ഉപഭോഗത്തിൽ വരുന്ന വർധന, നിലവിലുള്ള ജലസ്രോതസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് റിക്വിസിഷൻ 2 തീയ്യതി 10.04.2017 പ്രകാരം ആരായുകയുണ്ടായി. നിലവിലുള്ള തുറന്ന കിണർ, ബോർവെല്ലുകൾ എന്നിവയിൽ നിന്ന് ആവശ്യാനുസരണം വെള്ളം പമ്പ് ചെയ്തുപയോഗിക്കുകയാണെന്നും ആയതിന്റെ കൃത്യമായ അളവ് കണക്കാക്കിയിട്ടില്ലായെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

സർവ്വകലാശാല വളപ്പിൽ യൂട്ടിലിറ്റി ബിൽഡിങ്, കൺവെൻഷൻ സെന്റർ എന്നിങ്ങനെ പുതിയ കെട്ടിടങ്ങൾ ഉയർന്നു വരുവാനിരിയ്ക്കുകയാണ് എന്നതിനാൽ നിലവിലുള്ള ജല ഉപഭോഗം സ്വാഭാവികമായും വർധിയ്ക്കും. CWRDM ജൂലായ് 2012 ന് ഇക്കാര്യത്തിൽ 2 മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് ശുപാർശ നൽകിയിരുന്നുവെങ്കിലും തണ്ണീർതടത്തിൽ (wetland) നിർമ്മിക്കേണ്ട മഴവെള്ള സംഭരണി നിർമാണം ഇനിയും ആരംഭിച്ചിട്ടില്ല. ജലമാനേജ്മെന്റുമായി ബന്ധപ്പെട്ട് CWRDM നടത്തിയിട്ടുള്ള ശുപാർശകൾ സർവ്വകലാശാല മഴക്കുഴി നിർമ്മാണത്തോടെ ഉപേക്ഷിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്.

മഴവെള്ള സംഭരണി നിർമ്മാണത്തിൽ ആവശ്യമായ അവധാനത പുലർത്തിയിട്ടില്ലാത്തത് ജലമാനേജ്മെന്റിന്റെ കാര്യത്തിൽ സർവ്വകലാശാല തികഞ്ഞ അലംഭാവമാണ് പുലർത്തുന്നതെന്ന് വ്യക്തമാക്കുന്നു.

മഴവെള്ള സംഭരണിനിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകളുടെ വെളിച്ചത്തിൽ ₹1,24,37,587/- ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തേണ്ടതാണ്. RCC, HDPE Lining നൽകി നിലവിലുള്ള മഴക്കുഴി മഴവെള്ള സംഭരണിയാക്കിമാറ്റേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3.6)ആസ്ഥാന മന്ദിരം നിർമ്മാണം മുകൾ നിലയിലുള്ള സെനറ്റ് ഹാൾ ഉപയോഗപ്പെടുത്താനായിട്ടില്ല- മറ്റു അപാകതകൾ

ഫയൽ നം. 1531/2011 IDP Works KUHS
ഭരണാനുമതി 1531/2011 IDP Works KUHS തീ.23.11.2011
സാങ്കേതികാനുമതി : ലഭ്യമല്ല
കരാർ നം. ഇല്ല തീയ്യതി 11.11.2011
കരാറുകാരൻ : M/S.HLL Life Care Ltd
അടങ്കൽ തുക : ₹24.60 കോടി
ആകെ ചെലവ് ചെയ്ത തുക : ₹27,60,01,295/-
വർക്ക് ഓർഡർ നം. 1531/ 2011 IDP Works 02 KUHS
dtd 28.1.12
അളവുപുസ്തകം നം. CMB 1 മുതൽ 20 വരെ - 20 എണ്ണം

AMB 1 മുതൽ 4 വരെയും,
11 മുതൽ 20 വരെയും - 14 എണ്ണം

വൗ.നം.BP 56/15-16 - ₹2,27,85,000/-തീയതി 22.04.2015
ചെക്ക് നം.473539, ₹2,27,85,000 തീയതി 22.04.2015
ഓഡിറ്റ് എൻക്വയറി നം. 8/15-16 തീയതി 17.06.2017

സർവ്വകലാശാല ആസ്ഥാന മന്ദിരത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിങ്സ് M/S.Indigo Arkitects തയ്യാറാക്കുകയുണ്ടായി. കെട്ടിട നിർമ്മാണത്തിന് ടെണ്ടർ ലഭിച്ച M/S.HLL Life Care Ltd. 24.60 കോടി രൂപ ചെലവു വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കുകയും എക്സിക്യൂട്ടിങ് ഏജൻസി എന്ന നിലയിൽ ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി M/S.ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനിക്ക് ഏൽപ്പിച്ചുനൽകുകയുണ്ടായി. ആസ്ഥാന മന്ദിര നിർമാണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. താഴത്തെ നില ഉൾപ്പെടെ 8 നിലകളുള്ള ആസ്ഥാനമന്ദിരത്തിന്റെ ഏറ്റവും മുകളിലുള്ള കോറിഡോറിനുമുകളിൽ ട്രാൻസ്പെരന്റ് ഷീറ്റും മറ്റെല്ലായിടത്തും RCC roof ചെയ്യുന്നതിനുമാണ് ആർക്കിടെക്ച്ചറൽ ഡ്രോയിങ്സ് തയ്യാറാക്കിയിരുന്നത്. അവണൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് KPBR A3 -409/11-12 തീയതി 15.3.2013 നമ്പർ പ്രകാരം കെട്ടിടനിർമ്മാണാനുമതി ലഭ്യമായിരുന്നത് ഇതുപ്രകാരം തയ്യാറാക്കിയ പ്ലാനിനും എസ്റ്റിമേറ്റിനുമായിരുന്നു. എന്നാൽ ഇപ്പോൾ പണി തീർത്തിരിക്കുന്ന കെട്ടിടത്തിന്റെ സെനറ്റ് ഹാളിന്റെ മുകളിൽ ട്രസ്സ് വർക്കാണ് ചെയ്തിട്ടുള്ളത്. ആയത് നാളിതുവരെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ പാകപ്പെടുത്തിയിട്ടുമില്ലായെന്നും കാണുവാൻ സാധിച്ചു. ഇക്കാര്യത്തിൽ കംപ്ലീഷൻ സർട്ടിഫിക്കറ്റിനു വേണ്ടി സമർപ്പിച്ച പ്ലാൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കോൺക്രീറ്റ് മേൽക്കൂരയ്ക്ക് പകരം സെനറ്റ് ഹാളിനു മുകളിൽ ട്രസ്സ് വർക്ക് നടത്തുവാനിടയായത് ഓഡിറ്റ് എൻക്വയറി പ്രകാരം ആരാഞ്ഞിരുന്നു.

Truss roofing നു RCC Grid Slab നേക്കാൾ ചിലവ് കുറവായിരുന്നു. കൂടാതെ RCC Grid slab ന്റെ beam ന് ആവശ്യമായ കൂടിയ താഴ്ച മുറിയുടെ head room കുറയ്ക്കുമെന്നതിനാൽ സെനറ്റ് ഹാൾ സ്ഥാപിക്കുന്നതിന് കഴിയാതെ വരുമെന്നുമാണ് സെനറ്റ് ഹാൾ മേൽക്കൂരയ്ക്കു RCC Grid Slab നു പകരം Truss Work ചെയ്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി.

ഇപ്രകാരം പ്രവൃത്തിയിനത്തിൽ വ്യതിയാനം വരുത്തിയ സംഗതിയിൽ 17.03.2014 ന് ഫയലിൽ നോട്ട് എഴുതിയിട്ടുള്ളത് "Later it was found to be too heavy and difficult to implement due to closely spaced narrow deep beams and the lateral supports required in the periphery. Being heavier than usual additional support was to be given in the floor below also. The sub contractor for HLL also was

asking additional rate for the form work as most the form work cannot be refused due to the odd size of beam and the wastage of form work material as the grid pattern necessitates cutting of plywood boards into smaller sizes than the usual. Therefore it was decided to adopt sheet roofing on steel truss hence extra item " എന്നാണ്.

പൊതു ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സാങ്കേതികക്ഷമത, കൂടുതൽ ആയുസ്സ്, ഗുണനിലവാരം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടിയിരുന്നത്. ചെലവു കുറവിന് പ്രാധാന്യം നൽകിയെന്നത് ന്യായീകരിക്കാവുന്ന വിശദീകരണമല്ല.

ഒരു ബഹുനിലകെട്ടിടത്തിന് ഏറ്റവും അവശ്യമായി ഉണ്ടാകേണ്ട ഒന്നാണ് സമൂർത്തമായ (concrete) structural design. ഒരു മേജർ പ്രവൃത്തിയുടെ ഏതെങ്കിലും മൈനർ ഇനങ്ങളിൽ വ്യതിയാനം വരുക സ്വാഭാവികമാണെങ്കിലും കോൺക്രീറ്റ് റൂഫിന് പകരം ട്രസ്സ് വർക്ക് നടത്തി കെട്ടിടത്തിന്റെ ഘടനയ്ക്കു തന്നെ മാറ്റം വരുവാനിടയായത് സ്ട്രക്ചറൽ ഡിസൈനിന്റെ പിഴവായി മാത്രമേ വിലയിരുത്താനാകൂ.

01.07.2014 ൽ സർവ്വകലാശാലയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചുവെങ്കിലും രണ്ടുവർഷത്തിലധികം കാലയളവ് പിന്നിട്ട് 17.01.2017 ൽ നടന്ന ആദ്യ യോഗത്തിനുപോലും സെനറ്റ് ഹാൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പണികൾ ചെയ്തില്ലായെന്നത് മുകൾനില ഈ ആവശ്യത്തിനും ഉപയോഗപ്പെടുത്തുവാനുതകുന്ന തരത്തിലല്ലായെന്ന നിഗമനത്തിൽ എത്തിച്ചേരേണ്ട സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

2. ജി.ഒ.(പി.)408/2007/ഫിൻ തീയതി 7.9.2007 ഖണ്ഡിക IV അനുസരിച്ച് വിവിധ പൊതുമരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനത്തിലാണ് തയ്യാറാക്കേണ്ടത്. കേരള പൊതുമരാമത്തു വകുപ്പിൽ സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR നടപ്പിലാക്കുന്നത് 01.10.2013 മുതൽ സ.ഉ.(പി.)36/2013/PWD Dated 17.4.13 പ്രകാരമാണ്. എന്നാൽ മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സെൻട്രൽ പബ്ളിക് വർക്സ് ഡാറ്റ, DSR എന്നിവയുടെ അടിസ്ഥാനത്തിലാണ്. കേരള പബ്ലിക് വർക്സ് മാനുവൽ ഖണ്ഡിക 1701, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ ജി.ഒ.(പി.)408/2007/ഫിൻ.തീയതി 7.9.2007 ഖണ്ഡിക IV എന്നിവ പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് ഉപയോഗിക്കുന്ന ഷെഡ്യൂൾഡ് ഓഫ് റേറ്റ്സ് വിവിധ പൊതുമരാമത്തു പ്രവർത്തികൾക്ക് ഉപയോഗിക്കേണ്ടതുമാണെന്ന് നിർദ്ദേശിയ്ക്കുന്നു.

ജി.ഒ.(പി.)339/15/ഫിൻ തീയ്യതി 7.8.15 പ്രകാരം മാത്രമാണ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR കൂടി ആവശ്യമെങ്കിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവർത്തിക്കാമെന്ന് നിർദ്ദേശമുണ്ടായിട്ടുള്ളത്.

സർക്കാർ അനുമതി ഉണ്ടാകുന്നതിനു മുമ്പ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിക്കാനിടവന്നത് ശരിയല്ല.

3. അർഹമായ ഡാറ്റ/നിരക്ക് പ്രകാരമാണ് പ്രവൃത്തിയ്ക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും ആയതിന്റെ സാങ്കേതികക്ഷമത ഉറപ്പുവരുത്തുന്നതുമാണ് സാങ്കേതികാനുമതി. എന്നാൽ മേൽപ്രകാരം പ്രവൃത്തിയ്ക്ക് 1531/11/IDP Works KUHS തീയ്യതി 23.11.2011 പ്രകാരം 24.60 കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ രജിസ്ട്രാർ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ ഖണ്ഡിക 1801.1.2 നു വിധേയമായി സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.G.O.(P)408/2007 തീ.7.9.2007 ഖണ്ഡിക VII പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയായ M/S.HLL Life Care Ltd. ആണ് സാങ്കേതികാനുമതി നൽകേണ്ടിയിരുന്നത്.

സാങ്കേതികാനുമതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ലായെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. സാങ്കേതികാനുമതി ഇല്ലാതെയാണ് ആസ്ഥാനമന്ദിര നിർമ്മാണം നടത്തിയിട്ടുള്ളത് എന്നു വിലയിരുത്തേണ്ട സാഹചര്യമുണ്ട്.

4. M/S.HLL Life Care Ltd എന്ന സ്ഥാപനത്തിന് 153/2011/IDP Works/KUHS തീയതി 17.01.2012 പ്രകാരം 3 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുള്ളത് പരിശോധനയിൽ കണ്ടു.

അക്രഡിറ്റഡ് സ്ഥാപനങ്ങൾ നേരിട്ട് പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിക്കു വിധേയമായി മാത്രം അടങ്കൽ തുകയുടെ 20% മൊബിലൈസേഷൻ നൽകുന്നതിന് സ.ഉ.311/14/ഫിൻ. തീയതി 30.07.2014 പ്രകാരം മാത്രമാണ് ഉത്തരവായിട്ടുള്ളത്. സർക്കാർ ഉത്തരവാകുന്നതിനു മുമ്പ് സർക്കാരിൽ നിന്ന് പ്രത്യേകം അനുമതി ഇല്ലാതെ അഡ്വാൻസ് നൽകിയത് ക്രമത്തിലല്ല.

5. അളവുപുസ്തകങ്ങളിൽ അളവെടുത്ത തീയ്യതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേലളവെടുത്ത തീയ്യതികൾ രേഖപ്പെടുത്തി കാണുന്നില്ല. പ്രൊജക്റ്റ് ഡയറക്ടർ അളവുപുസ്തകം പരിശോധിച്ചതായി ഒപ്പുവെച്ചിട്ടുള്ളത് തീയ്യതി രേഖപ്പെടുത്താതെയാണെന്നും കണ്ടു.

6(എ) ഇനം1-2(a) പ്രകാരം 3956.36 ഘ.മീ. മണ്ണ് മാത്രമേ കുഴിച്ചെടുത്തിട്ടുള്ളു വെങ്കിലും ഇനം 1.5 പ്രകാരം 5315.57 ഘ.മീ. മണ്ണ് എർത്ത് ഫില്ലിങ് നടത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിങ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അധികമായി മണ്ണ് സപ്ലൈ ചെയ്തിട്ടുള്ളതായും ഫയൽ/അളവുപുസ്തക പരിശോധനയിൽ കാണുന്നില്ല. കുഴിച്ചെടുത്തതിലധികം 1359.21 ഘ.മീ.(5315.57 ഘ.മീ.-3956.36 ഘ.മീ.) എർത്ത് ഫില്ലിങ് നടത്തുവാൻ എങ്ങനെ സാധിച്ചുവെന്ന് ആരായുകയുണ്ടായി. സർവ്വകലാശാല വളപ്പിൽ ലഭ്യമായ മണ്ണ് ആയതിന് വിനിയോഗിച്ചുവെന്നാണ് മറുപടി നൽകിയത്.എന്നാൽ സർവ്വകലാശാല വളപ്പിൽ അധികമായി ലഭ്യമായിരുന്ന മണ്ണ് എർത്ത് ഫില്ലിംഗിന് ഉപയോഗിച്ചതായുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ആസ്ഥാന മന്ദിരം, മഴവെള്ള സംഭരണി തുടങ്ങി അനുബന്ധ പ്രവൃത്തികൾക്ക് വേണ്ടി നടത്തിയ സബ്സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ള വേളകളിൽ സർവ്വകലാശാല വളപ്പിൽ ലാറ്ററൈറ്റിന്റെ ആധിക്യം വ്യക്തമായിട്ടുള്ളതാണ്. മഴവെള്ള സംഭരണിയ്ക്കുവേണ്ടി മണ്ണ് കുഴിച്ചെടുക്കൽ (Earth work excavation) ഇനം പ്രവൃത്തി ചെയ്ത വേളയിൽ ആകെയുള്ള പ്രവൃത്തിയിനത്തിൽ 80%വും കുഴിച്ചെടുക്കുന്നത് ലാറ്ററൈറ്റ് (ordinary rock) ആണ്. ഈ സാഹചര്യത്തിൽ ഫില്ലിങ്ങിന് ഉപയോഗിക്കാൻ കഴിയാത്ത ഹാർഡ് സോയിൽ വരെ ഉപയോഗിച്ചുവെന്നു കണക്കാക്കിയാൽ പോലും 1359.21 ഘ.മീ. മണ്ണ് സർവ്വകലാശാല വളപ്പിൽ നിന്നു തന്നെ ലഭ്യമായിയെന്നത് വിശ്വസനീയമല്ല.

6(ബി) കേരള പബ്ലിക് വർക്സ് മാനുവൽ ഖണ്ഡിക 2213 പ്രകാരം 1000 ഘ.മീ.ലധികം എർത്ത് എക്സകവേഷൻ പ്രവൃത്തിയുണ്ടെങ്കിൽ CTE യ്ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ പ്രവൃത്തി നിർവ്വഹിക്കാനാകൂ. മേൽക്കാര്യത്തിൽ 3956.36 ഘ.മീ. (ഇനം.1.2 എ- AMB നം.20) എർത്ത് എക്സകവേഷൻ ഉണ്ടായിട്ടും CTE യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

7. 30.06.2014 ൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കികാണുന്നുവെങ്കിലും അളവുപുസ്തകം 39/14-15 പേജ് നമ്പർ 315 മുതൽ 334 വരെയുള്ള പേജുകളിൽ അവസാനമായി അളവെടുത്തിരിയ്ക്കുന്നത് 25.8.2014 ലാണ്. വിശദവിവരം താഴെ ചേർക്കുന്നു.

CMB 20 FINAL

അളവുപുസ്തകം പേജ് നമ്പർ	അളവെടുത്ത തീയ്യതികൾ
307,308	15.7.2014
309,310	12.8.2014
311	13.8.2014
312 മുതൽ 314 വരെ	18.8.2014
315 മുതൽ 334 വരെ	25.8.2014

KPWD മാനുവൽ ഖണ്ഡിക 2113 പ്രകാരം അവസാനമായി അളവെടുത്ത തീയതിയാണ് പ്രവൃത്തി പൂർത്തീകരണം നടന്നതായി കണക്കാക്കുന്നത്. പുറത്ത് കാണാവുന്ന ഏതാനും ചില പണികളുടെ അളവുകൾ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിനു ശേഷമാണ് എടുത്തതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി.

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നാൽ എക്സിക്യൂട്ടിങ് ഏജൻസി സമർപ്പിച്ച അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ചുവെന്നതിനുള്ള രേഖാമൂലമുള്ള അംഗീകാരമാണ്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിനുശേഷം അളവെടുക്കുന്നതിലെ പ്രായോഗികത വ്യക്തമാക്കേണ്ടതാണ്.

8. 06.02.2012 ന് ആരംഭിച്ച പ്രവൃത്തി 30.11.2014 ന് പൂർത്തിയാക്കിയെന്നാണ് അളവുപുസ്തകമുൾപ്പെടെയുള്ള രേഖകളിലുള്ളത്. 30.11.2014 ന് പൂർത്തിയാക്കിയ പ്രവൃത്തിക്കുവേണ്ടി 29.07.2014, 07.08.2014, 20.10.2015 എന്നീ തീയതികളിൽ സപ്ലിമെന്ററി കരാറിലേർപ്പെട്ടത് പരിശോധനയിൽ കണ്ടു. അധികയിനങ്ങളും വ്യതിയാനങ്ങളും ക്രമപ്പെടുത്തി കരാറുകാരന് തുക നൽകുന്നതിനുവേണ്ടിയാണ് ഇപ്രകാരം സപ്ലിമെന്ററി കരാർ വച്ചതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി. കേരള പബ്ലിക് വർക്സ് മാനുവൽ ഖണ്ഡിക 1601.5, ഖണ്ഡിക 1601.6 എന്നിവ പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് മുമ്പ് സപ്ലിമെന്ററി എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കേണ്ടതുണ്ട്. CPWD ഖണ്ഡിക 2.5.2 പ്രകാരം ഇക്കാര്യത്തിൽ റിവൈസ്ഡ് സാങ്കേതികാനുമതിയും നിർദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വ്യതിയാനങ്ങൾക്കും അധികയിനം പ്രവൃത്തികൾക്കും അംഗീകാരം നൽകുവാൻ പ്രവൃത്തി പൂർത്തീകരണം കഴിഞ്ഞ് ഏകദേശം ഒന്നര വർഷത്തിലധികം

സമയമെടുത്തുവെന്നത്, പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിനു ശേഷവും കരാറുകാരന് ചെയ്തു തീർക്കുവാനുള്ള പ്രവൃത്തികൾ അവശേഷിച്ചിരുന്നുവെന്നും പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തിയായിരുന്നില്ലായെന്നും വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ കരാറുകാരന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയാണുണ്ടായത്.

9. നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥ 5.1 & 5.2(pec) പ്രകാരം എസ്റ്റിമേറ്റ് തുകയുടെ (24.60 കോടി) 5% പിഴ ഈടാക്കേണ്ടതുണ്ടായിരുന്നു. ഫൈൻ കൂടാതെയാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടിയതെന്നാണ് ഇക്കാര്യത്തിൽ മറുപടി നൽകിയത്.

06.08.2013 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 30.06.2014 നാണ് രേഖാമൂലം പൂർത്തിയായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഫൈൻ കൂടാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയത് ക്രമത്തിലല്ല. ഫൈൻ ഇനത്തിൽ ₹ 1,23,00,000/ (24,60,00,000x5%) കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ജി.ഒ.(പി.)408/2007/ഫിൻ തീയതി 7.9.2007 **ഖണ്ഡിക VI പ്രകാരം** എസ്റ്റിമേറ്റ് തുക അല്ലെങ്കിൽ പൊതുമരാമത്തു പ്രവൃത്തിയ്ക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവു ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ അടിസ്ഥാനത്തിൽ വേണം മുമ്പു സൂചിപ്പിച്ചു പ്രകാരമുള്ള 5% കൺസൽട്ടൻസി ചാർജ്ജ്/സെന്റേജ് ചാർജ്ജ് കണക്കാക്കേണ്ടത്. മേൽക്കാര്യത്തിൽ എസ്റ്റിമേറ്റ് തുക ₹23,36,95,423.60/-ഉം പ്രവർത്തിക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവായ തുക ₹ 27,60,01,295.18/-ഉം ആണ്. മുമ്പ് സൂചിപ്പിച്ച സർക്കാർ ഉത്തരവിനു വിധേയമായി ₹11684771.18/- (233695423.6x5%) സെന്റേജ് ചാർജ്ജിനത്തിൽ നൽകേണ്ടതുള്ളപ്പോൾ ₹1,38,00,064.75 (276001295.18 x5%) നൽകിയിട്ടുണ്ട്.

കൺസൾട്ടൻസി ചാർജ്ജിനത്തിൽ ₹21,15,294/- (1,38,00,064.75-1,16,84,771.18) HLL ന് അധികമായി നൽകിയത് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

G.O.(P)408/2007/Fin. dt.07.09.2007 ന്റെ VI-ാം നമ്പർ ഖണ്ഡിക പ്രകാരം "The scope of work will include preparation of rough cost estimate design/architectural fees, preparation of detailed estimate, tender documents and tender notices, evaluation of tender, supervision, construction, passing bills etc." എന്നിവ എക്സിക്യൂട്ടിങ് ഏജൻസിയുടെ ചുമതലയാണ്.

ഓഡിറ്റ് എൻക്വയറിയുടെ ക്രമ നം. 8 തിയ്യതി 19.06.2017 പ്രകാരം ആസ്ഥാന മന്ദിരത്തിന്റെ ആർകിടെക്ചറൽ ഡ്രോയിങ്സ്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയതിന്റെ വിവരം ആരാഞ്ഞിരുന്നു. ഇവ തയ്യാറാക്കിയത് M/S. Indigo Arkitects ആണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈയിനത്തിൽ ₹15,00,000 M/S Indigo Arkitects എന്ന സ്ഥാപനത്തിന് 24.12.2012 ന് നൽകിയിട്ടുള്ളതായി 4643/PW 2010 KUHS നമ്പർ ഫയൽ പരിശോധനയിൽ കണ്ടു. കൺസൾട്ടൻസി ചാർജ്ജിനത്തിൽ നല്കുന്ന തുകയുടെ അടിസ്ഥാനത്തിൽ M/S.HLL Life Care Ltd നിർവ്വഹിക്കേണ്ട പ്രവൃത്തിക്കു വേണ്ടി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പ്രത്യേകം അധിക തുക ചെലവഴിച്ചത് ശരിയല്ല. ആർകിടെക്ചറൽ ഡ്രോയിങ്സ് തയ്യാറാക്കിയ വകയിൽ M/S. Indigo Arkitects എന്ന സ്ഥാപനത്തിന് നൽകിയ ₹15,00,000/- എക്സിക്യൂട്ടിങ് ഏജൻസിയായ M/S.HLL Life Care Ltd-ൽ നിന്ന് ഈടാക്കേണ്ടതാണ്.

11. ഫൈനൽ ബില്ലിൽ നിന്ന് റെക്ടിഫിക്കേഷൻ വർക്കുകൾക്കുവേണ്ടി ₹10,00,000/- ഈടാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. Duct Walls ന്റെ നനവ്, പ്രധാന കവാടത്തിലെ ചോർച്ച, toilet sunken slab ന്റെ ചോർച്ച, വാതിലുകളുടെ ലോക്കുകൾ നന്നാക്കൽ, ടൈലുകൾ നന്നാക്കൽ എന്നീയിനങ്ങളിലുള്ള റെക്ടിഫിക്കേഷൻ വർക്കുകളാണ് കരാറുകാരൻ ചെയ്യേണ്ടിയിരുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി. റെക്ടിഫിക്കേഷൻ വർക്കുകൾക്കുവേണ്ടി തടഞ്ഞുവെച്ച തുക നാളിതുവരെ തിരിച്ചുനൽകിയിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ കണ്ടു. റെക്ടിഫിക്കേഷൻ വർക്കുകൾ പൂർണ്ണമായിട്ടില്ലായെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ കരാറുകാരനെതിരെ നിയമപരമായ നടപടികളുൾപ്പെടെയുള്ളവ കൈകൊള്ളേണ്ടതാണ്.

12. KVAT, KCWWF കുറവ് ഈടാക്കി

ഇനം	ഈടാക്കേണ്ടത്	ഈടാക്കിയത്	കുറവ് ഈടാക്കിയത്
കേരള വാറ്റ് പ്രവൃത്തിമൂല്യം- 28,98,01,360			
2014-15 വരെ പ്രവൃത്തിമൂല്യം- 25,05,11,943x 3%	75,15,358	26,08,536	49,06,822
2015-16 കാലയളവിലെ പ്രവൃത്തിമൂല്യം 3,92,89,417x4%	15,71,577	15,71,577	ഇല്ല
KCWWF പ്രവൃത്തിമൂല്യത്തിന്റെ 1% 28,98,01,360 x 1%	28,98,014	22,43,573	6,54,441

കേരള വാറ്റ് ഇനത്തിൽ ₹49,06,822/-ഉം KCWWF ഇനത്തിൽ ₹6,54,441/-ഉം കരാറുകാരനിൽ നിന്ന് ഈടാക്കി യഥാക്രമം കേരള സർക്കാർ-വാണിജ്യ നികുതി വകുപ്പിലേക്കും കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കും അടവാക്കേണ്ടതാണ്.

ആസ്ഥാന മന്ദിര നിർമാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടികൾ തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ₹27,60,01,295/- ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു.

സ്ട്രക്ചറൽ ഡിസൈൻ, അതിനോടനുബന്ധമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പിഴവില്ലാതെ തയ്യാറാക്കാതെ സെനറ്റ് ഹാളിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനു പകരം ട്രസ്സ് വർക്ക് നടത്തുന്നതിന് നിർബന്ധിതമായതും മറ്റ് അപാകതകളും സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ബാഹ്യ ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് ₹1,23,00,000/- ഫൈൻ ഈടാക്കേണ്ടതും റെക്ടിഫിക്കേഷൻ വർക്കുകൾ കരാറുകാരൻ ചെയ്ത് തീർക്കുന്നില്ലായെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൺസൾട്ടൻസി ചാർജ്ജിനത്തിൽ അധികം നൽകിയതും വാറ്റ്, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിയിനങ്ങളിൽ ഇനിയും അടവാക്കാനുള്ള തുകയും കരാറുകാരനിൽ നിന്ന് ഈടാക്കി യഥാസമയം സംസ്ഥാന സർക്കാർ, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ അടവാക്കേണ്ടതും കൺസൾട്ടൻസി ചാർജ്ജിനത്തിൽ അധികം നല്കിയ തുക ഈടാക്കി സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

3.7 മൂല്യനിർണയ കേന്ദ്രം - പ്രവർത്തനക്ഷമമായില്ല.

ഫയൽ നം. 97/2015 പ്രൊജ.& വർക്ക്സ് cvb അഡീഷൻ KUHS

PWD നിക്ഷേപ പ്രവൃത്തിയായ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല മൂല്യനിർണയ കേന്ദ്ര നിർമ്മാണം G.O.(Rt)2037/2012 PWD തീയതി 06.12.2012 പ്രകാരം M/S.കുരീക്കൽ പ്രൊജ.& കോൺട്രാക്ടേഴ്സ് പ്രൈ.ലി. എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. പ്രവൃത്തിയ്ക്കുവേണ്ടി 7.16 കോടി രൂപ ചെലവു ചെയ്യുന്നതിനുള്ള ഭരണാനുമതി 4837/works 2011 KUHS തീയതി 22.12.2011 പ്രകാരം നൽകിയിരുന്നു. ഇക്കാര്യത്തിൽ സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ലായെന്നു കണ്ടു.

അധികപ്രവൃത്തികൾ കൂടി നിർവ്വഹിച്ചാൽ മാത്രമേ മൂല്യനിർണയ കേന്ദ്രം പ്രവർത്തനക്ഷമമാകുവെന്ന ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഈയിനത്തിൽ ₹90 ലക്ഷം ചെലവഴിയ്ക്കുന്നതിന് 97/2015 പ്രൊജ.& വർക്ക്സ് സി.വി.ബി.അഡീഷൻ KUHS തീ.9.1.2015 പ്രകാരം ഭരണാനുമതി നൽകുകയും പ്രവൃത്തി നിർവ്വഹിക്കുന്നതിന് PWD ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 23.01.2015 ന് MOU ഒപ്പുവെയ്ക്കുകയുമുണ്ടായി. അഡീഷണൽ വർക്ക് നിലവിലുള്ള കരാറുകാരന് തന്നെ PWD ഏൽപ്പിച്ചിട്ടുള്ളതായും പരിശോധനയിൽ കണ്ടു. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1) 2012-ൽ നിർമാണം ആരംഭിച്ച ആസ്ഥാന മന്ദിരം 30.06.2014 ന് പണി പൂർത്തിയാക്കുകയും 01.07.2014 ന് പുതിയ കെട്ടിടത്തിൽ സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. എങ്കിലും ഇതേ കാലയളവിൽ തന്നെ നിർമ്മാണം ആരംഭിച്ച മൂല്യനിർണയ കേന്ദ്രത്തിന്റെ നിർമാണം 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ച 30.06.2017 വരെയും പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് Dr.ഹണി എസ്.ആർ.പ്രസാദ് 17.01.2017 ന് സെനറ്റ് യോഗത്തിൽ ഉന്നയിച്ച ചോദ്യത്തിന് മൂന്ന് മാസത്തിനകം വാല്യൂവേഷൻ സെന്റർ ഉപയോഗപ്രദമാക്കുമെന്ന് മറുപടി നൽകിയിരുന്നു.

2) അഡീഷണൽ പ്രവൃത്തികൾക്കുവേണ്ടി ₹88,79,858/- ചെലവഴിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം PWD ബിൽഡിംഗ്സ് ഡിവിഷൻ എക്സി.എഞ്ചിനീയർ 14.01.2016 ന് ലഭ്യമാക്കിയെങ്കിലും കെട്ടിടം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് കൈമാറിയത് 02.05.2016 ലാണ്. എന്നാൽ ഇതിനെല്ലാം മുമ്പ് 05.06.2015 ൽ മൂല്യനിർണയ കേന്ദ്രം ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതായി പരിശോധനയിൽ കണ്ടു.

3) അഡീഷണൽ പ്രവൃത്തികൾക്ക് വേണ്ടി തുക PWD യിൽ ഡെപ്പോസിറ്റ് ചെയ്യാതെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല തുക നേരിട്ട് ചെലവഴിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് 84/14-15 EE(B)TSR തീയതി 20.03.2015 പ്രകാരം കരാറുകാരായ M/S.കുരീക്കൽ പ്രൊജ.& കോൺട്രാക്റ്റേഴ്സ് പ്രൈ.ലിമിറ്റഡ്, കൊച്ചിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത് PWD എക്സി.എഞ്ചിനീയർ, ബിൽഡിങ്സ് ഡിവിഷൻ ആണെന്നിരിക്കിലും ബിൽ തുകകൾ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ നിന്ന് നേരിട്ട് നൽകിയിരിക്കുന്നു. സർവ്വകലാശാല നേരിട്ട് കരാറിലേർപ്പെടാത്ത സാഹചര്യത്തിൽ PWD കരാറുകാരന് KUHS ചെലവു തുക നല്കിയത് വിശദീകരിക്കേണ്ടതാണ്.

4) 220/Fin. KUHS 2015 തീയതി 07.01.2015 പ്രകാരം 'centre for research facilities' എന്ന ഹെഡിൽ നിന്നും 'valuation centre building' എന്ന ഹെഡിലേക്ക് 1,00,00,000/- 2014-15 വർഷത്തേയ്ക്ക് വകമാറ്റിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ഇക്കാര്യത്തിൽ ₹88,79,858/- ചെലവഴിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്.

5) D3-4132/14 തീയതി 28.3.2015 പ്രകാരം PWD ബിൽഡിങ്സ് എക്സി.എഞ്ചിനീയർ ഫസ്റ്റ് പാർട്ട് ബിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് നൽകിക്കാണുന്നില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മൂല്യനിർണയ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് മറുപടി നൽകേണ്ടതുമാണ്.

3.8 പൊതുമരാമത്ത് പ്രവൃത്തികൾ-അപാകതകൾ

2015-16 വരെ സർവ്വകലാശാല ആസ്ഥാനമന്ദിരവുമായി ബന്ധപ്പെട്ട മഴവെള്ള സംഭരണി, സർവ്വകലാശാല വളപ്പിൽ റോഡുകൾ/കാനകൾ, മൂല്യനിർണ്ണയ കേന്ദ്രം തുടങ്ങിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കു വേണ്ടി ₹40,44,88,214/- ചെലവഴിക്കുകയുണ്ടായി. ആയതിന്റെ പരിശോധനയിൽ കാണപ്പെട്ട പ്രധാനപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

3.8.1 സ്റ്റാറ്റ്യൂട്ടുകൾ, ബൈലോസ് രൂപീകരിക്കാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010, വകുപ്പ് 40 പ്രകാരം യൂണിവേഴ്സിറ്റി ഭരണനിർവ്വഹണം സുഗമമാക്കുന്ന സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസ്, റഗുലേഷൻസ്, ബൈലോസ് എന്നിവ ഉണ്ടാക്കുന്നതിന് ഗവേണിംഗ് കൗൺസിലിന് അധികാരം ഉണ്ട്.

എന്നാൽ നാളിതുവരെ ഇത്തരത്തിൽ നൽകപ്പെട്ട അധികാരം ഗവേണിംഗ് കൗൺസിൽ വിനിയോഗിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ പൊതുമരാമത്തു പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റിന്റെ ഗ്രാന്റ് കൈപ്പറ്റി പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കേരള പബ്ലിക് വർക്സ് മാനുവൽ, കേരള പബ്ലിക് വർക് അക്കൗണ്ട് കോഡ്, കാലാകാലങ്ങളിലുണ്ടാകുന്ന പൊതുമരാമത്തു വിഭാഗത്തിന്റെയും ധനവകുപ്പിന്റെയുമായ വിവിധ സർക്കാർ ഉത്തരവുകൾ എന്നിവക്ക് വിധേയമായി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പ്രവർത്തിക്കേണ്ടതുണ്ട്.

പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010, വകുപ്പ് 40 പ്രകാരം പ്രത്യേക മാനുവൽ/അക്കൗണ്ട് കോഡുകൾ ഉണ്ടാക്കുകയോ കേരള പബ്ലിക് വർക്സ് മാനുവൽ/സെൻട്രൽ പബ്ലിക് വർക്സ് മാനുവൽ ഇവയിലേതെങ്കിലും പ്രത്യേകം യൂണിവേഴ്സിറ്റിയിൽ 'Adopt' ചെയ്യുകയോ ഉണ്ടായിട്ടില്ലെങ്കിലും സെൻട്രൽ പബ്ലിക് വർക്സ് മാനുവൽ മാത്രം അടിസ്ഥാനമാക്കി പൊതുമരാമത്തു പ്രവൃത്തികൾ നിർവ്വഹിക്കാനിടവന്നിട്ടുണ്ട്.

3.8.2 ജി.ഒ.(പി.)408/2007/ഫിൻ തീയതി 7.9.2007 ഖണ്ഡിക IV പ്രകാരം വിവിധ പൊതുമരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ കേരള പബ്ലിക് വർക്സ് ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനത്തിലാണ് തയ്യാറാക്കേണ്ടത്. കേരള പൊതുമരാമത്തു വകുപ്പിൽ സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR നടപ്പിലാക്കുന്നത് 01.4.2013 മുതൽ സ.ഉ.(പി.)36/2013/PWD Dated 17.4.13 പ്രകാരമാണ്. എന്നാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല 2011 ൽ ആരംഭിച്ച വിവിധ പ്രവൃത്തികൾക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR എന്നിവയുടെ അടിസ്ഥാനത്തിലാണ്. കേരള പബ്ലിക് വർക്സ് മാന്വൽ ഖണ്ഡിക 1701, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ ജി.ഒ.(പി.)408/2007/ഫിൻ.തീയതി 7.9.2007 ഖണ്ഡിക IV എന്നിവ പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് ഉപയോഗിക്കുന്ന ഷെഡ്യൂൾഡ് ഓഫ് റേറ്റ്സ് വിവിധ പൊതുമരാമത്തു പ്രവർത്തികൾക്ക് ഉപയോഗിക്കേണ്ടതുമാണെന്ന് നിർദ്ദേശിയ്ക്കുന്നു. ജി.ഒ.(പി.)339/15/ഫിൻ തീയ്യതി 7.8.15 പ്രകാരം മാത്രമാണ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR കൂടി ആവശ്യമെങ്കിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവർത്തിക്കാമെന്ന് നിർദ്ദേശമുണ്ടായിട്ടുള്ളത്.

സർക്കാർ അനുമതി ഉണ്ടാകുന്നതിനു വളരെ മുമ്പ് സെൻട്രൽ പബ്ലിക് വർക്സ് ഡാറ്റ, DSR ഉപയോഗിക്കാനിട വന്നത് വിശദീകരിയ്ക്കേണ്ടതാണ്.

3.8.3 കരാർ അടിസ്ഥാനത്തിൽ നിയമിതനായ ഒരു പ്രൊജക്റ്റ് ഡയറക്ടറും 4 അസി.എഞ്ചിനീയർമാരും (അന്യത്ര സേവനം- 1 + കരാർ നിയമനം-3) ഉൾപ്പെട്ടതായിരുന്നു ഓഡിറ്റ് കാലയളവിലെ എഞ്ചിനീയറിംഗ് വിഭാഗം . M/S.HLL Life Care Ltd, M/S.FIT, ആലുവ പോലുള്ള എക്സിക്യൂട്ടിങ് ഏജൻസികളാണ് ഓഡിറ്റ് കാലയളവിൽ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നത്. G.O.(P)408/2007 തീയതി 07.09.2007 പ്രകാരം പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കൽ/ടെണ്ടർ നടപടികൾ മുതൽ അളവെടുക്കൽ വരെ മുഴുവൻ ജോലികളും എക്സിക്യൂട്ടിങ് ഏജൻസികളാണ് നിർവ്വഹിക്കേണ്ടിയിരുന്നത്. പ്രവൃത്തികളുമായി ബന്ധപ്പെട്ട അളവുകൾ/മേലളവുകൾ എടുത്തത് എക്സിക്യൂട്ടിങ് ഏജൻസികളായ M/S.HLL Life Care Ltd പോലുള്ള സ്ഥാപനങ്ങളായിരുന്നുവെന്ന് വിവിധ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകിയ സാഹചര്യത്തിൽ 5 അംഗ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആവശ്യകത എന്തായിരുന്നുവെന്ന് ഓഡിറ്റ് എൻക്വയറി നം.14 തീയ്യതി 29.06.2017 പ്രകാരം ആരാഞ്ഞിരുന്നു.

വിവിധ എക്സിക്യൂട്ടിങ് ഏജൻസികൾക്ക് സർവ്വകലാശാലയുടെ താൽപര്യപ്രകാരമുള്ള പദ്ധതി സാങ്കേതിക വിവരങ്ങൾ നിർദ്ദേശിച്ചിരുന്നത് പ്രൊജക്റ്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ആയിരുന്നു. ഇതിൻപ്രകാരം മേൽ ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതി രൂപരേഖ, എസ്റ്റിമേറ്റ്, മറ്റ് രേഖകൾ തുടങ്ങിയവയുടെ വിശദമായ പരിശോധനയും ആവശ്യമായ തിരുത്തലുകളും ഭേദഗതികളും വരുത്തുന്നതിനായി വർക്സ് സെക്ഷനിലെ മുഴുവൻ എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തി തദനുസരണം ഏജൻസികളുമായി ചർച്ച ചെയ്ത് പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും അന്തിമ തീർപ്പിലെത്തിച്ച് സർവ്വകലാശാലയുടെ അനുമതി വാങ്ങുന്ന ഘട്ടം വരെയുള്ള നടപടികളാണ് സ്വീകരിച്ചിരുന്നത്. ഈ പദ്ധതികളുടെ നിർമ്മാണ വേളയിൽ ഗുണനിലവാരം ഉറപ്പുവരുത്തുക, സർവ്വകലാശാല അധികാരികൾ നിർദ്ദേശിക്കുന്ന മാറ്റങ്ങളും ആവശ്യങ്ങളും അനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുക , ഏജൻസികൾ സമർപ്പിക്കുന്ന അളവുകളും ബില്ലുകളും പരിശോധിച്ച് പണം നൽകുന്നതിന് ശുപാർശ ചെയ്യുക എന്നീ കാര്യങ്ങൾ നിർവ്വഹിച്ചതും എഞ്ചിനീയറിംഗ് വിഭാഗമായിരുന്നു വെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

ആസ്ഥാനമന്ദിരത്തിന്റെ മുകൾ നിലയിലുള്ള സെനറ്റ് ഹാൾ ഉപയോഗപ്പെടുത്താനാകാതെ വന്നിട്ടുള്ളതും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ചതും നിർമ്മാണാനുമതി ലഭിച്ചതുപ്രകാരമുള്ള പ്ലാൻ അനുസരിച്ച് മുകൾനിലയിൽ കോൺക്രീറ്റ് മേൽക്കൂര പണി തീർക്കാനാവാതെ ട്രസ്സ് വർക്ക് ചെയ്യാനിടവന്നിട്ടുള്ളതും കൂടാതെ ഈ ഖണ്ഡികയിൽ അന്യത്ര പരാമർശിച്ചതു പോലെ പൊതുമരാമത്തു പ്രവൃത്തിയുമായി ബന്ധപ്പെട്ട് അടിസ്ഥാന ആവശ്യകതകൾ പോലും പാലിക്കപ്പെടാതെ പോയതും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

3.8.4 ടെണ്ടർ ക്ഷണിക്കാതെ വിവിധ പ്രവൃത്തികൾ നിർവഹിച്ചു

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഡ്മിനിസ്റ്റേറ്റീവ് ബിൽഡിംഗ് പണി മാത്രമാണ് ടെണ്ടറിന്റെ അടിസ്ഥാനത്തിൽ M/S HLL Life Care Ltd എന്ന സ്ഥാപനത്തിന് ഏൽപ്പിച്ചു നൽകിയിട്ടുള്ളത് .

(എ) ഗവേണിംഗ് കൗൺസിൽ അജണ്ട 10.25 തീയ്യതി 01.12.2012 പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ M/S HLL Life Care Ltd എന്ന സ്ഥാപനത്തെ ടെണ്ടർ നടപടികൾ കൂടാതെ ഏൽപ്പിച്ചതായി പരിശോധനയിൽ കണ്ടു.

1. Installation of lift in the Adminitrative Office
2. Air Condition Work, Administrative Office
3. Residential quarters of Vice Chancellor, Pro Vice Chancellor
4. Gate House
5. Guest House
6. Rain water harvesting pond etc.

ടെണ്ടർ കൂടാതെ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള കാര്യം ഓഡിറ്റ് എൻക്വയറികൾ മുഖേന ആരാഞ്ഞപ്പോൾ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം Governing Council ആണ് പരമാധികാരിയെന്നും Governing Council ന് ഇപ്രകാരം പ്രവൃത്തി ഏൽപ്പിക്കുന്നതിന് അധികാരമുണ്ടെന്നുമാണ് മറുപടി നൽകുകയുണ്ടായത്.

കേരള നിയമസഭ പാസ്സാക്കിയ 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം നൽകുന്ന അധികാരം മാത്രമാണ് Governing Council ന് ലഭ്യമായിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായികൊണ്ടുള്ള തീരുമാനം മാത്രമാണ് Governing Council ന് എടുക്കാവുന്നത്. നിലവിലുള്ള നിയമങ്ങളെയും ചട്ടങ്ങളെയും അതിലംഘിക്കുവാൻ Governing Council ന് അധികാരമില്ലെന്നും ഇക്കാര്യത്തിൽ ഓർമ്മപ്പെടുത്തുന്നു.

(ബി) മേൽപ്രകാരം പ്രവൃത്തികൾ ടെണ്ടർ കൂടാതെയാണ് M/S.HLL Life Care Ltd. എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതെങ്കിലും കുറഞ്ഞത് Governing Council തീരുമാനമെങ്കിലും ഉണ്ടായിരുന്നു. എന്നാൽ താഴെ ചേർത്തിരിയ്ക്കുന്നതു പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടില്ലായെന്നതിനു പുറമെ Governing Council തീരുമാനം ഇല്ലാത്തതായും കണ്ടു.

പ്രവൃത്തിയുടെ വിശദ വിവരങ്ങൾ	ചെലവഴിച്ച തുക
സംപ്/പമ്പ് & ചില്ലർ റൂം- ഫയൽ നം.2261/14 KUHS	₹80,98,374/-
സപ്ലൈ ഓഫ് ലൈറ്റ് & ഫിറ്റിങ്സ്- ഫയൽ നം.4849/13 KUHS	₹37,02,651/-

3.8.5 ജി.ഒ.(പി.)408/2007/ഫിൻ തീയ്യതി 7.9.07 ഖണ്ഡിക VIII പ്രകാരം ' എക്സിക്യൂട്ടീങ് ഏജൻസിയ്ക്ക് അനുവദിയ്ക്കാവുന്ന ടെണ്ടർ എക്സസ് 5% ആണ്. എന്നാൽ ഗവേണിംഗ് കൗൺസിൽ അജണ്ട 15.11 തീയ്യതി 11.10.2013 പ്രകാരം ഇതിലധികരിച്ച് ടെണ്ടർ എക്സസ് നൽകിക്കാണുന്നു.

Sl.No.	Work	PAC	Estimate	Variation %
1	Fire Fighting	8835075	9436515	+6.37
2	HT&MV	14295410	13362415	+6.98
3	Transformer station & switch room	3895023	3486431	+11.71

3.8.6 സാങ്കേതികാനുമതി ലഭ്യമായിട്ടില്ല/യഥോചിതം ലഭ്യമായിട്ടില്ല

(എ) സാങ്കേതികാനുമതിയില്ലാതെയുള്ള പ്രവൃത്തികൾ

അർഹമായ ഡാറ്റ/നിരക്ക് പ്രകാരമാണ് പ്രവൃത്തിയ്ക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും ആയതിന്റെ സാങ്കേതികക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതുമാണ് സാങ്കേതികാനുമതി. രജിസ്ട്രാർ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ ഖണ്ഡിക 1801.1.2 ന് വിധേയമായി താഴെച്ചേർത്തിരിക്കുന്നതുപ്രകാരം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. G.O.(P)408/2007/തീ.07.09.2007 ഖണ്ഡിക VII പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയായ M/S.HLL Life Care Ltd. ആണ് സാങ്കേതികാനുമതി നൽകേണ്ടിയിരുന്നത്.

1.കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആസ്ഥാന മന്ദിര നിർമ്മാണം.ഫയൽ നം.1531/2011 KUHS

2. ഇംപ്രൂവ്മെന്റ് ടു എർത്തിങ് സിസ്റ്റം- പൈപ്പ് ഇൻ പൈപ്പ് കെമിക്കൽ എർത്തിങ്- ഫയൽ നമ്പർ 2076/14 KUHS

3. സ്റ്റാഫ് ക്വാർട്ടേഴ്സിലേക്ക് വാട്ടർ കണക്ഷൻ -8771/14 KUHS

(ബി) **സാങ്കേതികജ്ഞാനമില്ലാത്ത രജിസ്ട്രാർ സാങ്കേതികാനുമതി നൽകി**

G.O.(P)408/2007/തീ.07.09.2007 ഖണ്ഡിക VII പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയാണ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകേണ്ടത്. മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി യാതൊരു സാങ്കേതികജ്ഞാനവുമില്ലാത്ത കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ താഴെ ചേർത്തിരിക്കുന്നതു പ്രകാരം വിവിധ പ്രവൃത്തികൾക്കുവേണ്ടി സാങ്കേതികാനുമതി നൽകിയത് വിശദീകരിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പേര്	സാങ്കേതിക അനുമതി നൽകിയതിന്റെ വിവരം
1. SITC Elevator System	7479/13/IDP Works KUHS 2007
2. Rain Water Harvesting Pond	7481/13/IDP Works KUHS Dt.28.11.13
3. Supply of Light Fittings	4849/13/IDP Works KUHS Dt.3.1.14
4. Transformer Station & Switch room	7480/13/IDP Works KUHS Dt.28.11.13
5. സംപ്&പമ്പ്/ചില്ലർ/DG റൂമുകൾ	2261/1413/IDP Works KUHS Dt.23.4.2014
6. HT&MV Installation 7478/13	7478/13/IDP Works KUHS Dt.28.11.13
7. STC Fire fighting works	4834/13/IDP/Works KUHS 12.12.2013

3.8.7 കേരള പബ്ലിക് വർക്സ് മാനവൽ ഖണ്ഡിക 1601.1.5 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് നിലവിലുള്ള വർക്ക് ഓർഡർ ഇല്ലാത്ത പുതിയ ഇനങ്ങൾ ചെയ്യുമ്പോൾ സപ്ലിമെന്ററി എസ്റ്റിമേറ്റ് വേണ്ടതാണ്. ഏതെങ്കിലും ഇനങ്ങൾ ഒഴിവാക്കുകയോ, കൂടുതൽ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിലോ റിവൈസ്ഡ് എസ്റ്റിമേറ്റും (ഖണ്ഡിക 1601.1.6) തയ്യാറാക്കേണ്ടതുണ്ട്. സെൻട്രൽ പബ്ലിക് വർക്സ് മാനവൽ ഖണ്ഡിക 2.5.2 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് റിവൈസ്ഡ്

സാങ്കേതികാനുമതിയും ആവശ്യമാണ്. യഥാസമയം സപ്ലിമെന്ററി/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ 2 മുതൽ 6 വരെ റിവൈസ്ഡ് വർക്ക് ഓർഡറുകൾ നൽകി. പ്രവൃത്തി പൂർത്തീകരണ തീയ്യതിയ്ക്കു ശേഷവും ആയതിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി കരാർ വച്ച് കരാറുകാർക്ക് തുക നൽകിയിട്ടുള്ളതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരങ്ങൾ	പ്രവൃത്തി പൂർത്തികരണ തീയ്യതി	സപ്ലിമെന്ററി കരാർ വെച്ച തീയ്യതികൾ
1. RWH.Pond 7481/13 3481/11	30.06.2014	20.10.2015
2. Trnasformer station 7480/13	20.6.2014	01.12.2014
3. Sump&Pump Chiller DG room 2261/14	30.11.2014	20.10.2015
4. HT&MV Installation 7478/13 KUHS	15.07.2014	20.10.2014
5. SITC Fire fighting works 4834/13 KUHS	30.11.2014	01.12.2014 19.01.2015 20.10.2015
6. Air conditioning works-4835/13	22.01.2014	19.06.2014 01.12.2014 19.01.2015 08.01.2016
7. KUHS ആസ്ഥാന മന്ദിരം- 1531/2011 KUHS	30.06.2014	29.07.2014 07.08.2014 20.10.2015

പ്രവൃത്തി പുരോഗമിക്കുമ്പോൾ തന്നെ യഥാസമയം (പ്രവൃത്തി പൂർത്തീകരണത്തിനു മുമ്പ്)റിവൈസ്ഡ് എസ്റ്റിമേറ്റ്, സപ്ലിമെന്ററി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുള്ളപ്പോൾ പ്രവൃത്തി പൂർത്തീകരണത്തിനു ശേഷവും വർക്ക് ഓർഡറുകൾ നൽകി, സപ്ലിമെന്ററി കരാർ വെച്ച് കരാറുകാരന് തുക നൽകിയത് നിലവിലുള്ള പൊതുമരാമത്തു ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

3.8.8 KPWD മാനവൽ ഖണ്ഡിക 2110 പ്രകാരം പൊതുമരാമത്തുപണിയുമായി ബന്ധപ്പെട്ട ബില്ലിന്റെ 75% മാത്രമാണ് വിശദമായ സ്കൂട്ടിനിയ്ക്ക് മുമ്പ് കരാറുകാരന് നൽകാവുന്നത്. എന്നാൽ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ 90% മുൻകൂർ നൽകാമെന്ന് സമ്മതിച്ചുറപ്പിക്കുകയും അപ്രകാരം മുൻകൂർ നൽകുന്നതിനിടയായിട്ടുമുണ്ട്.

3.8.9 കേരള പബ്ലിക് വർക്സ് മാനവൽ , ഖണ്ഡിക 2213 പ്രകാരം 1000 ഘ.മീ.ലധികം എർത്ത് എക്സ്കവേഷൻ പ്രവൃത്തിയുണ്ടെങ്കിൽ CTE യ്ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ പ്രവൃത്തി നിർവ്വഹിക്കാനാകൂ. താഴെ ചേർത്തിരിക്കുന്ന പ്രകാരം പ്രവൃത്തികളിൽ നിശ്ചിത അളവിലധികം എർത്ത് എക്സ്കവേഷൻ ഉണ്ടായിട്ടും CTE യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

പ്രവൃത്തിയുടെ വിവരങ്ങൾ	മണ്ണ് കുഴിച്ചെടുത്തതിന്റെ വിവരം
1. KUHS ആസ്ഥാന മന്ദിരം നിർമാണം ഫയൽ നം. 1531/2011 KUHS	3956.36 ഘ.മീ.
2. മഴവെള്ള സംഭരണി (R.W.H.Pond) ഫയൽ നം. 7481/2013 KUHS ഫയൽ നം.3481/2011 KUHS	16365.1 ഘ.മീ.

3.8.10 സർക്കാർ അനുവദിച്ചിട്ടില്ലാത്ത കാലയളവിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകി

അക്രഡിറ്റഡ് സ്ഥാപനങ്ങൾ നേരിട്ട് പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിക്കുവിധേയമായി മാത്രം അടങ്കൽ തുകയുടെ 20% മൊബിലൈസേഷൻ നൽകുന്നതിന് സ.ഉ.311/14/ഫിൻ.തീയ്യതി 30.07.2014 പ്രകാരം മാത്രമാണ് ഉത്തരവായിട്ടുള്ളത്. സർക്കാർ അനുമതിയില്ലാതെയും നേരിട്ട് പ്രവൃത്തി നിർവ്വഹിക്കാത്ത സാഹചര്യത്തിലും താഴെ ചേർത്തിരിക്കുന്നതു പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് വിശദീകരിയ്ക്കേണ്ടതാണ്.

ക്രമ നം.	പ്രവൃത്തിയുടെ വിവരങ്ങൾ	മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ഏജൻസി	മൊബിലൈസേഷൻ ഇനത്തിൽ നൽകിയ തുക
1	KUHS ആസ്ഥാന മന്ദിരം നിർമാണം ഫയൽ നം.1531/2011	M/S.HLL Life Care Ltd.	3,00,00,000
2	ലാന്റ് സ്കേപ്പിങ് വർക്സ് 8236/2013 KUHS	KAICL	12,00,000

3.8.11 താഴെ ചേർത്തിരിക്കുന്നതു പ്രകാരം വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിനുശേഷം അളവെടുത്തിട്ടുള്ളതായി പരിശോധനയിൽ കണ്ടു. KPWD മാനുവൽ ഖണ്ഡിക 2113 പ്രകാരം അവസാനം അളവെടുത്ത തീയ്യതിയാണ് പ്രവൃത്തി പൂർത്തീകരണം നടന്നതായി കണക്കാക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരങ്ങൾ	**പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയ തീയതി**	**അളവുപുസ്തക പ്രകാരം അവസാനം അളവെടുത്ത തീയതി**
സംപ്/പമ്പ്/ചില്ലർ/ ഡി.ജി.റൂമുകൾ നിർമാണം ഫയൽ നം.2261/14 KUHS	30.11.2014	04.12.2014
HT&MV ഇൻസ്റ്റലേഷൻ ഫയൽ നം. 7478/13	15.07.2014	12.09.2014
KUHS ആസ്ഥാന മന്ദിരം നിർമാണം ഫയൽ നം.1531/2011	30.06.2014	25.08.2014

പ്രൊജക്റ്റ് ഡയറക്ടർ പൂർത്തീകരണ സാക്ഷ്യപത്രം അനർഹമായി നൽകിയതാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് പ്രവൃത്തി പൂർത്തീകരണം വൈകിയ ഇനത്തിലുള്ള പിഴ ഈടാക്കാനാകാതെ വന്നിട്ടുണ്ടെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

മേൽകാര്യം വിവിധ പൊതുമരാമത്തു പ്രവൃത്തികളുടെ അളവെടുപ്പുകളിൽ ആവർത്തിച്ച കാര്യത്തിൽ ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം പണി പൂർത്തിയായിരുന്നുവെങ്കിലും പുറത്ത് കാണാവുന്ന ഏതാനും ചില പണികളുടെ അളവുകൾ പിന്നീടാണ് രേഖപ്പെടുത്തിയതെന്ന മറുപടിയാണ് നൽകിയത്.

KPWD മാനുവൽ അപ്പന്റിക്സ് 2100G (ഖണ്ഡിക 2113) പ്രകാരം പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ആരംഭിക്കുന്നത് "Certified that the works as per the above contract agreement and supplemental agreements have been completed in all respects on............ …..........." എന്നാണ്. പണി പൂർത്തിയായി എന്ന് സാക്ഷ്യപ്പെടുത്തിയതിനു ശേഷം അളവെടുത്തതുകൊണ്ടെന്തു പ്രയോജനമാണുള്ളത് ?

3.8.12 കൺസൾട്ടൻസി ചാർജ്ജ് അധികം നൽകി

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പോലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്തു പ്രവൃത്തികളുടെ നിർവ്വഹണ കാര്യത്തിൽ ജി.ഒ(പി)408/2007/ഫിൻ.തീയതി 7.9.2007, ജി.ഒ.(പി.)311/2007/ഫിൻ.തീയതി 30.7.14, ജി.ഒ.(പി.)339/2015/ഫിൻ തീയതി 7.8.15 എന്നീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായാണ് പ്രവർത്തിക്കേണ്ടത്.

എന്നാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പൊതുമരാമത്തു പ്രവർത്തികളുമായി ബന്ധപ്പെട്ട് ഏർപ്പെട്ട കരാറുകളിലൊന്നും ജി.ഒ.(പി)408/2007/ഫിൻ തീയതി 7.9.07 പരാമർശിച്ചു കാണുന്നില്ല. ഈ സാഹചര്യത്തിലും HLL ഉൾപ്പെടെയുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് മേൽ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന നിരക്കിൽ സെന്റേജ് /കൺസൽട്ടൻസി ചാർജ്ജ് നൽകിയിട്ടുണ്ട്.

ജി.ഒ.(പി)408/2007/ഫിൻ.തീയ്യതി 7.9.2007 ഖണ്ഡിക VI പ്രകാരം എസ്റ്റിമേറ്റ് തുക അല്ലെങ്കിൽ പൊതുമരാമത്ത് പ്രവൃത്തിക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവുചെയ്ത തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്നതു പ്രകാരം കൺസൾട്ടൻസി/സെന്റേജ് ചാർജ്ജ് നൽകേണ്ടത്.

എസ്റ്റിമേറ്റ് തുക/പ്രവൃത്തിയ്ക്കുവേണ്ടി ചെലവ് ചെയ്ത തുക
(ഇവയിൽ കുറവായ തുക)
5 കോടിയും അതിനുമുകളിലും - 5%
3 കോടിയ്ക്ക് മുകളിൽ 5 കോടിയ്ക്ക് താഴെ - 6%
50 ലക്ഷത്തിനു മുകളിൽ 3 കോടിയ്ക്ക് താഴെ - 7%
50 ലക്ഷത്തിനു താഴെ - 8%

എസ്റ്റിമേറ്റ് തുക അല്ലെങ്കിൽ പ്രവൃത്തിക്കുവേണ്ടി ചെലവുചെയ്ത തുക ഇതിൽ ഏതാണോ കുറവ് അതിൻമേൽ കൺസൾട്ടൻസി ചാർജ്ജ് ഈടാക്കാതെ അധിക തുക അനുവദിച്ച് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം	കൺസൾട്ടൻസി ചാർജ്ജിനത്തിൽ നൽകിയ തുക	കൺസൾട്ടൻസി ചാർജിനത്തിൽ നൽകേണ്ട തുക	കൺസൾട്ടൻസി ചാർജ്ജിനത്തിൽ അധികം നൽകിയത്
1. KUHS ആസ്ഥാന മന്ദിരം നിർമ്മാണം എസ്റ്റിമേറ്റ് തുക - 23,36,95,424/- പ്രവൃത്തിക്കുവേണ്ടി ചെലവായ തുക- 27,60,01,295	1,38,00,064 (276001295x5%)	1,16,84,771 (233695420x5%)	21,15,293
2. മഴവെള്ള സംഭരണി (R.W.H.Pond) എസ്റ്റിമേറ്റ് തുക - 59,50,475 പ്രവൃത്തിക്കുവേണ്ടി ചെലവായ തുക- 1,18,45,321	5,92,266 (11845321x5%)	4,16,533 *(59,50,475x7%)	1,75,733

(*R.W.H.pond പ്രവൃത്തിയ്ക്കുവേണ്ടി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി കരാറിലേർപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ 7% (50 ലക്ഷത്തിനു മുകളിൽ 3 കോടിയ്ക്ക് താഴെ 7% എന്ന നിരക്ക്) കൺസൾട്ടൻസി ചാർജ്ജിനത്തിൽ അനുവദനീയമായതായി കണക്കാക്കുന്നു)

അപാകതകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് നഷ്ടം സംഭവിച്ചിട്ടുള്ള സംഗതിയിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽപ്രകാരം അപാകതകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയതിന്റെ വിവരം

1. ഓഡിറ്റ് എൻക്വയറി നം.1/15-16 RWH pond & fencing- അപാകതകൾ, തീ.29.05.2017

2. ഓഡിറ്റ് എൻക്വയറി നം.2/15-16 Supply of light fittings അപാകതകൾ തീ.06.06.2017

3. ഓഡിറ്റ് എൻക്വയറി നം.3/15-16 Supply of light fittings അപാകതകൾ തീ.08.06.2017

4. ഓഡിറ്റ് എൻക്വയറി നം.4/15-16 ട്രാൻസ്ഫോർമർ സ്റ്റേഷൻ & സ്വിച്ച് റൂം- അപാകതകൾ തീ.14.06.2017

5. ഓഡിറ്റ് എൻക്വയറി നം.5/15-16/സംപ്/പമ്പ്/ചില്ലർ/ഡി.ജി.റൂമുകൾ- അപാകതകൾ തീ.15.06.2017

6. ഓഡിറ്റ് എൻക്വയറി നം.8/15-16 അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം തീ.19.06.2017

7.ഓഡിറ്റ് എൻക്വയറി നം.9/15-16 HT&MV ഇൻസ്റ്റലേഷൻ പ്രവൃത്തി അപാകതകൾ തീ. 20.06.2017

8.ഓഡിറ്റ് എൻക്വയറി നം.10/15-16 SITC ഫയർ ഫൈറ്റിങ് വർക്ക് തീ. 20.06.2017

9. ഓഡിറ്റ് എൻക്വയറി നം.12/15-16 SITC എയർകണ്ടീഷനിങ് വർക്ക് തീയതി: 20.06.2017

10.ഓഡിറ്റ് എൻക്വയറി നം.13/15-16 വാല്യുവേഷൻ സെന്റർ തീയതി. 27.06.2017

11. ഓഡിറ്റ് റിക്വിസിഷൻ നം.13/15-16 റോഡ്സ് & ഡ്രെയിനേജസ് നിർമാണം. തീയതി. 23.06.2017

ഭാഗം 4:

ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

(എ) 2015-16 വർഷത്തെ വരവ് -ചെലവ് കണക്കുകൾ

വരവ്

ക്രമ നം	ഇനം	തുക
1	ഗ്രാന്റ്-ഇൻ- എയ്ഡ്(നോൺ പ്ലാൻ)	1,00,00,000
2	ഫീസുകളിൽ നിന്നുള്ള വരുമാനം	40,92,71,811
3	പലിശ വരവ്	15,18,80,682
4	മറ്റ് വരവുകൾ	11,15,179
ആകെ		**57,22,67,672**

ചെലവ്

ക്രമ നം	ഇനം	തുക
1	ശമ്പളം, മറ്റാനുകൂല്യങ്ങൾ	6,40,68,311
2	പൊതുഭരണ ചെലവുകൾ	4,06,92,353
3	ഘടകസ്ഥാപനങ്ങളുടെ ചെലവുകൾ	28,83,659
	പരീക്ഷാച്ചെലവ്	17,02,85,427
	ഡിപ്രീസിയേഷൻ	9,50,42,463
ആകെ		**37,29,72,213**

(ബി) ഓഡിറ്റ് ചാർജ്ജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം ,വകുപ്പ് 19(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 24 എന്നിവ പ്രകാരം കണക്കാക്കിയ ഓഡിറ്റ് ചാർജ്ജ് താഴെ ചേർക്കുന്നു. (ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകളാണ് കണക്കിലെടുത്തിരിക്കുന്നത്)

ആകെ വരവ്		57,22,67,672
(-) സർക്കാർ പദ്ധതിയേതരവിഹിതം		1,00,00,000
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		56,22,67,672
1% നിരക്കിൽ ഓഡിറ്റ്ചാർജ്ജ്		56,22,677
മുൻവർഷം അടവാക്കാൻ ബാക്കിനിൽക്കുന്ന ഓഡിറ്റ്ചാർജ്ജ്; 2009-10	7364	
2010-11	402442	
2011-12	893100	
2012-13	1285101	
2013-14	4876580	
2014-15	4875295	
അടവാക്കാൻ ബാക്കി നിൽക്കുന്ന ആകെ ഓഡിറ്റ്ചാർജ്ജ്	2009-10 മുതൽ 2014-15 വരെ - 1,23,39,882 2015-16 - 56,22,677 **ആകെ** **1,79,62,559**	

—

_(സി) ഓഡിറ്റ് പ്രത്യവലോകനം
(1) സാമ്പത്തിക നില (ലഭ്യമാക്കിയ അക്കൗണ്ട്സ് പ്രകാരം)

ഇനം	തുക
മുന്നിരിപ്പ്	1,24,05,56,390
വരവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം)	57,51,49,969
ആകെ	1,81,57,06,359
ചെലവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം)	44,50,55,577
നീക്കിയിരിപ്പ്	1,37,06,50,782

നീക്കിയിരിപ്പിന്റെ വിശദവിവരങ്ങൾ

ഇനം	തുക
കയ്യിരിപ്പ് പണം	15,349
ട്രഷറി സേവിംഗ്സ് ബാങ്ക്	26,60,134
എസ്.ബി.ഐ. ഇ.പെയ്മെന്റ് അക്കൗണ്ട്	17,41,641
എസ്.ബി.ഐ, ജനറൽ ഫണ്ട് (അക്കൗണ്ട് നം.1)	44,50,204
എസ്.ബി.ഐ,സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീസ് (അക്കൗണ്ട് നം.2)	5,70,109
എസ്.ബി.ഐ, എക്സാമിനേഷൻ ഫീസ് (അക്കൗണ്ട് നം.3)	58,16,843
എസ്.ബി.ഐ,ക്യാമ്പസ് പ്രോജക്റ്റ് (അക്കൗണ്ട് നം.4)	5,79,800
എസ്.ബി.ഐ, സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് (അക്കൗണ്ട് നം.5)	165
എസ്.ബി.ഐ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് - അഡ്വാൻസ് (അക്കൗണ്ട് നം.6)	50,221
എസ്.ബി.ഐ, എക്സാമിനേഷൻ എക്സ്പെൻസസ് (അക്കൗണ്ട് നം.8)	1,01,27,985
സ്ഥിരനിക്ഷേപം- എസ്.ബി.ഐ., കെ.യു.എച്ച്.എസ്. ബ്രാഞ്ച്	53,32,41,508
സ്ഥിരനിക്ഷേപം-എസ്.ബി.ടി, തൃശ്ശൂർ ബ്രാഞ്ച്	4,13,96,823
സബ് ട്രഷറി, മെഡിക്കൽ കോളേജ്	77,00,00,000
ആകെ	**137,06,50,782**

(2) സംക്ഷിപ്തവിവരം

(ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകളാണ് കണക്കിലെടുത്തിരിക്കുന്നത്)

ഓഡിറ്റ് വർഷത്തെ ആകെ വരവ്	57,22,67,672
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	37,29,72,213

വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	43,51,77,030

(3) സർവ്വകലാശാല ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(4) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.4	14,67,38,148	ഡോ.എം.കെ.മംഗളം, രജിസ്ട്രാർ
3.5	1,24,37,587	ഡോ.വി.ഐപ്പ് വർഗ്ഗീസ്, രജിസ്ട്രാർ
3.6	27,60,01,295	
	43,51,77,030	

(5) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	തുക	സർക്കാർ / സ്ഥാപനങ്ങൾ
3.6(12)	49,06,822 (വാറ്റ്)	സംസ്ഥാന സർക്കാർ
	6,54,441(കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം)	കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

(6) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(7)നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

(ഡി) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അഭിപ്രായം
2009-2010	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ഇ 1-169/2013/തീ.16.5.2014	ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2010-11	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ജി1-113/2015/തീ.11.6.2015/16.7.2015	
2011-12	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ജി1-114/2015/തീ.11.6.2015/16.7.2015	
2012-13	നം.കെ.എസ്.എ.(എച്ച്.എ.യു.)ജി.2-115/2016 തീയതി 10.5.2016/01.6.2016	
2013-14 &2014-15	നം.കെ.എസ്.എ.(എച്ച്.യു.)ജി.2-151/2017 തീയതി 05.06.2017/09.06.2017	

ഒപ്പ്

ജോയിന്റ് ഡയറക്ടർ